# സഹ്യനാദം

ലക്കം 03 | മാർച്ച് 2024 | വാല്യം 21

ഇടുക്കി രൂപതാ ബുള്ളറ്റിൻ



ഈസ്റ്റർ ആശംസകൾ....

# രോഗി ദിനാചരണം ഇടുക്കി രൂപത



പെയിൻ & പാലിയേറ്റിവ് കെയറിന്റെ ആഭിമുഖ്യത്തിൽ
പാറത്തോട്ടിൽ നടന്ന രോഗികളുടെയും രോഗി ശുശ്രൂഷകരുടെയും സംഗമം




ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി
വീൽചെയറുകൾ വിതരണം ചെയ്തു




കിളിയാർകണ്ടം ഇടവകയിൽ നടന്ന രോഗി ദിനാചരണം

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 21
Issue No. : 03
Month : March 2024


## ഈ ലക്കത്തിൽ


| | |
|---|---|
| പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2024–ലെ നോമ്പുകാല സന്ദേശം | 05 |
| ഇടയലേഖനം | 12 |
| ഇടുക്കി രൂപതാ നോമ്പുകാല തീർത്ഥാടനം എഴുകും വയൽ കുരിശുമലയിലേക്ക് | 19 |
| നോമ്പുകാല സംഭാവന | 21 |
| നാളാഗമം | 24 |
| **BISHOP'S ENGAGEMENTS** | **28** |
| കച്ചേരി വാർത്തകൾ | 30 |
| **സാന്താമരിയ അരുണാചൽ മിഷൻ** | **44** |
| മൈനർ സെമിനാരി | 45 |
| സന്ന്യസ്തർ | 46 |
| ക്രിസ്തുജ്യോതി | 50 |
| വിദ്യാഭ്യാസം | 52 |
| പാവനാത്മാ കോളേജ് | 53 |
| മാർ സ്ലീവാ കോളേജ് | 55 |
| സാമൂഹ്യസേവനം | 56 |
| കെ. സി. എസ്. എൽ. | 60 |
| തിരുബാലസഖ്യം | 64 |
| ചെറുപുഷ്പ മിഷൻലീഗ് | 65 |
| കെ. സി. വൈ. എം. | 68 |
| ജീസസ് യൂത്ത് | 69 |
| മാതൃവേദി | 72 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 74 |
| കത്തോലിക്കാ കോൺഗ്രസ് | 76 |
| ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലീയേറ്റിവ് | 78 |
| മദ്യവിരുദ്ധ സമിതി | 79 |
| ആത്മജ്യോതി | 80 |
| കരുണ ആനിമേഷൻ സെന്റർ | 81 |
| കുടുംബപ്രേഷിതത്വം | 82 |
| വാർത്തകളും വിശേഷങ്ങളും | 83 |



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com


***"May the Lord help us to journey together on the path of fraternity, and thus to become credible witnesses of God."***

*Pope Francis, Tweet, 05-02-2024*

# ഓർമ്മിക്കാൻ

## മാർച്ച് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | രൂപതാ സ്ഥാപകദിനം |
| 06 | : | പാതിനോമ്പ് |
| 08-10 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 17 | : | മതാധ്യാപക ക്വിസ് |
| 18 | : | ജറുസലെമിലെ വി. സിറിൽ |
| | : | അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും, ഇരട്ടയാർ |
| 19 | : | വി. യൗസേപ്പിതാവിന്റ മരണത്തിരുനാൾ |
| 22 | : | നാല്പതാം വെള്ളി, എഴുകുംവയൽ തീർത്ഥാടനം |
| 22-24 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 24 | : | ഓശാന ഞായർ |
| 25 | : | മംഗളവാർത്തത്തിരുനാൾ |
| | : | മൂറോൻ കൂദാശയും വൈദികരുടെ പൊതുമാസ ധ്യാനവും |
| 28 | : | പെസഹാ വ്യാഴം |
| 29 | : | പീഡാനുഭവവെള്ളി |
| 30 | : | വലിയ ശനി |
| 31 | : | നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ |

C. 9. സർക്കുലർ

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ
# 2024-ലെ നോമ്പുകാല സന്ദേശം

## മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, അവിടത്തെ സന്ദേശം എപ്പോഴും സ്വാതന്ത്ര്യത്തിന്റേതാണ്: 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2). സീനായ് മലയിൽവച്ച് മോശയ്ക്ക് നൽകപ്പെട്ട പത്ത് പ്രമാണങ്ങളിലെ ആദ്യ വാക്കുകളാണ് ഇവ. ഈ വാക്കുകൾ കേട്ടവർക്ക് ദൈവം സൂചിപ്പിച്ച പുറപ്പാട് വളരെ സുപരിചിതമായിരുന്നു: അടിമത്തത്തിന്റെ അനുഭവം അവരുടെ ചുമലുകളിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ മരുഭൂമിയിൽ അവർക്ക് ലഭിച്ച 'പത്ത് വചനങ്ങൾ' (Ten Words) സ്വാതന്ത്ര്യത്തിന്റെ രാജവീഥിയായിരുന്നു. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്താൻ ഉപയോഗിച്ച സ്നേഹത്തിന്റെ ശക്തിക്ക് ഊന്നൽ കൊടുക്കാനായി, നാം അവയെ 'കൽപ്പനകൾ' എന്ന് വിളിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കുള്ള വിളി നിഷ്കർഷയുള്ള ഒന്നാണ്. അതിനു പെട്ടെന്നങ്ങ് ഉത്തരം നൽകാൻ സാധിക്കില്ല; ഒരു സഞ്ചാരത്തിന്റെ പാതയിൽ പക്വമാക്കപ്പെടേണ്ട ഒന്നാണത്. ഗതകാലത്തിനായി വീണ്ടും കാംക്ഷിക്കുകയും കർത്താവിനും മോശയ്ക്കും എതിരായി പിറുപിറുക്കുകയും ചെയ്യുക വഴിയായി മരുഭൂമിയിൽവച്ച് വീണ്ടും ഈജിപ്തിനോട് ഒട്ടിച്ചേരാൻ താത്പര്യപ്പെട്ട ഇസ്രായേൽക്കാരെപ്പോലെ ഇന്നും ദൈവത്തിന്റെ ജനം ദുസഹമായ ബന്ധനത്തിൽ നിന്ന് മോചിതരാകാൻ ആവശ്യപ്പെടുമ്പോൾ അതിൽതന്നെ അള്ളിപ്പിടിച്ചിരിക്കുന്നത് കാണാനാകും. ഇക്കാര്യം വളരെ വലിയ സത്യമാണെന്ന് നാം മനസ്സിലാക്കുന്നത് ഇനി ഒട്ടും പ്രത്യാശക്ക് വകയില്ല എന്ന് നമുക്കു തോന്നുന്ന വേളകളിലാണ്; അപ്പോൾ നാം മരുഭൂമിയിൽ എന്നപോലെ ആയിരിക്കുകയും ജീവിതത്തിൽ മുന്നോട്ടു പോകാനായി ഒരു വാഗ്ദത്ത ഭൂമി നമ്മുടെ ലക്ഷ്യമായി കാണാതിരി

ക്കുകയും ചെയ്യും. നോമ്പുകാലം കൃപയുടെ അവസരമാണ്; അങ്ങനെയെങ്കിൽ വീണ്ടുമൊരിക്കൽകൂടി, ഹോസിയാ പ്രവാചകൻ പറയുന്നതുപോലെ (ഹോസി 2:16-17 കാണുക), മരുഭൂമി ആദ്യാനുരാഗത്തിന്റെ വേദിയായി ഭവിക്കും. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നു; നമ്മുടെ അടിമത്തം അവസാനിപ്പിക്കാൻ അവിടന്ന് നമ്മെ പ്രാപ്തരാക്കുന്നു; അങ്ങനെ നാം മരണത്തിൽനിന്നു ജീവനിലേക്ക് പ്രവേശിക്കുന്ന അനുഭവമുള്ളവരായി ഭവിക്കും. ഒരു മണവാളൻ എന്നവണ്ണം കർത്താവ് ഒരിക്കൽകൂടി, നമ്മുടെ ഹൃദയത്തോടു സ്നേഹത്തിന്റെ മന്ത്രണങ്ങൾ ചൊല്ലിത്തന്നുകൊണ്ട്, നമ്മെ അവിടത്തോട് ചേർത്തുപിടിക്കും.

അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പാത രൂപഭാവം ഇല്ലാത്ത ഒന്നല്ല. നമ്മുടെ നോമ്പാചരണം പ്രകടമായ ഒന്നായിത്തീരണമെങ്കിൽ ആദ്യപടിയായി വേണ്ടത് യാഥാർഥ്യത്തിലേക്ക് നമ്മുടെ കണ്ണുതുറക്കാനുള്ള ആഗ്രഹമാണ്. മുൾപ്പടർപ്പിൽനിന്നുകൊണ്ട് മോശയെ വിളിച്ച ദൈവം, താൻ കാണുകയും ഏറെ പ്രത്യേകിച്ച് കേൾക്കുകയും ചെയ്യുന്ന ദൈവമാണെന്ന് ഉടൻതന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: 'ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപതുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനും ആണ് ഞാൻ ഇറങ്ങി വന്നിരിക്കുന്നത്' (പുറ 3:7-8). ഇന്നും മർദിതരായ നമ്മുടെ അനേകം സഹോദരീസഹോദരന്മാരുടെ രോദനം സ്വർഗത്തിലേക്ക് ഉയരുന്നുണ്ട്. നമുക്ക് സ്വയം ചോദിക്കാം: ആ സ്വരം നമ്മൾ കേൾക്കുന്നുണ്ടോ? അതു നമ്മെ അലോസരപ്പെടുത്തുന്നുണ്ടോ? അതു നമ്മെ ചലിപ്പിക്കുന്നുണ്ടോ? യഥാർഥത്തിൽ ഒരുപാട് കാര്യങ്ങൾ അപരരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നു; ആരംഭം മുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യത്തിന്റെ ഭാവം നിഷേധിക്കുന്ന രീതിയാണിത്.

നിസ്സംഗതയുടെ ആഗോളവൽകരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഞാൻ നടത്തിയ ലാംപെദൂസ സന്ദർശനത്തിൽ ഞാൻ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവയുടെ പ്രസക്തി ഇന്ന് കൂടുതൽ വ്യക്തമാണ്: 'നീ എവിടെയാണ്?' (ഉത്പ 3:9); 'നിന്റെ

സഹോദരൻ എവിടെ?' (ഉത്പ 4:9). ഈ ചോദ്യങ്ങൾ ശ്രദ്ധിച്ചു കൊണ്ട്, ഇന്നും നാം ഫറോവയുടെ ഭരണത്തിൻകീഴിലാണ് എന്ന് മനസ്സിലാക്കിയാൽ നമ്മുടെ നോമ്പുകാല സഞ്ചാരം അർഥവത്തായി ഭവിക്കും. ഫറവോയുടെ ഭരണം നമ്മെ ക്ഷീണിതരും നിസ്സംഗരും ആക്കിത്തീർക്കുന്ന ഒന്നാണ്. അത് ഒരുതരം വിഭജനം സൃഷ്ടിക്കു മന്നെതും നമ്മുടെ ഭാവിയെ ഇല്ലാതാക്കുന്നതുമായ വളർച്ചയുടെ മാതൃകയാണ്. ഭൂമിയും വായുവും ജലവും മലിനമാക്കപ്പെടുന്നു; അതോടൊപ്പം, നമ്മുടെതന്നെ ആത്മാക്കളും. ജ്ഞാനസ്നാനത്തിൽ നമ്മുടെ മോചനപ്രക്രിയ ആരംഭിച്ചു എന്നതു ശരിതന്നെ; എന്നാൽ അടിമത്തത്തെ പ്രാപിക്കാനായുള്ള വിശദീകരിക്കാനാവാത്ത ഒരു തൃഷ്ണ നമ്മിൽ കുടികൊള്ളുന്നു. സുപരിചിതങ്ങളായ സാഹചര്യ ങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിലേക്കുള്ള ഒരു ആകർഷണമാ ണത്; അത് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണ്.

പുറപ്പാടിന്റെ വിവരണത്തിൽ ശ്രദ്ധേയമായ ഒരു വിശദാംശ മുണ്ട്. അതായത്, ദൈവമാണ് കാണുന്നത്; ദൈവമാണ് ചലിപ്പിക്ക പ്പെടുന്നതും സ്വാതന്ത്ര്യം കരഗതമാക്കുന്നതും; ഇസ്രായേൽ അതി നായി ആവശ്യപ്പെടുന്നില്ല. ഫറവോ സ്വപ്നങ്ങളെ അമർച്ചചെയ്യുന്നു; അയാൾ സ്വർഗത്തിലേക്കുള്ള കാഴ്ച മറയ്ക്കുന്നു. മാനുഷിക മഹ ത്ത്വം ചവിട്ടിമെതിക്കപ്പെടുകയും അർഥവത്തായിട്ടുള്ള ബന്ധങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകം ഒരിക്കലും മാറ്റപ്പെ ടാൻ ആകില്ല എന്നയാൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനെയും അയാൾ തന്റെ അടിമത്തത്തിന്റെ കീഴിലാക്കുന്നു. നമുക്ക് ആത്മഗതം ചെയ്യാം: ഞാനൊരു പുതിയ ലോകത്തിനായി ആഗ്രഹിക്കുന്നുണ്ടോ? പഴയ ലോകവുമായുള്ള ഒത്തുതീർപ്പുകൾ ഒഴിവാക്കാൻ ഞാൻ തയ്യാറാണോ?

എന്റെ അനേകം സഹോദരമെത്രാന്മാരുടെയും സമാധാന ത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കുന്ന മറ്റനേകം പേരുടെയും സാക്ഷ്യംവഴിയായി എനിക്കൊരു കാര്യം ബോധ്യമായി. അതായത്, നമ്മുടെ സ്വപ്നങ്ങളും സ്വർഗത്തിൽ എത്തി ദൈവത്തിന്റെ ഹൃദയ ത്തെ ത്രസിപ്പിക്കാൻ പര്യാപ്തമായ നമ്മുടെ നിശബ്ദരോദനങ്ങളും അമർച്ചചെയ്യുന്ന 'പ്രത്യാശയിലുള്ള അഭാവം' നികത്താനായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. 'പ്രത്യാശയുടെ ഈ അഭാവം' ഇസ്രാ യേലിനെ മരുഭൂമിയിൽവച്ച് തളർത്തുകയും മുന്നോട്ടു ഗമിക്കുന്ന തിനു വിഘാതമായി നിൽക്കുകയും ചെയ്ത അടിമത്തത്തിനായുള്ള

ഗൃഹാതുരത്വത്തിനു സമമല്ലാത്ത ഒന്നല്ല. ഒരു പുറപ്പാട് തടസ്സപ്പെടാം; അങ്ങനെയെല്ലങ്കിൽ പിന്നെ എങ്ങനെയാണ് ഇന്നത്തെ ചില യാഥാർ ഥ്യങ്ങൾ വ്യാഖ്യാനിക്കപ്പെടാൻ സാധിക്കുന്നത്? അതായത്, മനുഷ്യ രാശി വിശ്വസാഹോദര്യത്തിന്റെ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു, എല്ലാവരുടെയും മഹാത്മ്യം ഉറപ്പാക്കാൻ തക്കവിധമുള്ള ശാസ്ത്രീ യവും സാങ്കേതികവും സാംസ്കാരികവും നൈയാമികവുമായ വികാസം നാം സിദ്ധിച്ചു കഴിഞ്ഞു; എന്നിട്ടും നാം അസമത്വത്തി ന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിൽ തപ്പുകയാണ്.

ദൈവം നമ്മെക്കുറിച്ച് നിരുത്സാഹിതനാകുന്നില്ല. 'അടിമത്ത ത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്'(പുറ 20:2) എന്നത് നമ്മെ ഓർമ്മപ്പെടുത്തുന്ന, ഒരു മഹത്തായ കാലമായി നോമ്പുകാലത്തെ നമുക്ക് സ്വാഗതം ചെയ്യാം. നോമ്പുകാലം ***മാനസാന്തരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും*** കാലമാണ്. എല്ലാവർഷവും നോമ്പുകാല ത്തിലെ ഒന്നാം ഞായറാഴ്ച നാം അനുസ്മരിക്കുന്നതുപോലെ യേശു തന്നെയും സ്വാതന്ത്ര്യത്തിൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവി നാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. മനുഷ്യാവതാരം ചെയ്ത പുത്രൻ നമ്മുടെ മുമ്പിലും നമ്മോടുകൂടെയും നാല്പത് ദിവസം നിൽക്കും. ഫറവോയിൽനിന്ന് വ്യത്യസ്തൻ എന്നവിധം ദൈവത്തിന് *പ്രജകളെ* ആവശ്യമില്ല, മറിച്ച് *പുത്രീപുത്രന്മാരെയാണ്* വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യം പാകപ്പെടുന്ന ഒരിടമാണ് മരുഭൂമി; അവിടെ യാണ് അടിമത്തത്തിലേക്ക് തിരിഞ്ഞു വീഴാതിരിക്കാനുള്ള വ്യക്തി പരമായ തീരുമാനം നാം കൈക്കൊള്ളുന്നത്. നോമ്പുകാലത്ത് നീതി യുടെ പുതിയ മാനദണ്ഡങ്ങളെയും ഇന്നുവരെ സഞ്ചരിക്കാത്ത പുതി യൊരു പാതയിലൂടെ മുന്നോട്ടുപോകാൻ തയ്യാറായി നിൽക്കുന്ന ഒരു ജനസമൂഹത്തെയുമാണ് നാം കണ്ടെത്തുന്നത്.

എന്നാൽ ഇത്, പുറപ്പാടിന്റെ പുസ്തകവും യേശുവിന്റെ മരു ഭൂമിയിലെ പരീക്ഷണങ്ങളും നമുക്ക് വ്യക്തമാക്കുന്നതുപോലെ, ഒരു ബലപരീക്ഷണം ഉൾക്കൊള്ളുന്നതാണ്. 'നീ എന്റെ പ്രിയപുത്രൻ ആകുന്നു' (മർക്കോ 1:11) എന്നും 'ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്' (പുറ 20:3) എന്നുമുള്ള ദൈവത്തിന്റെ സ്വരം ശത്രുവിനാലും അസത്യങ്ങളാലും ഖണ്ഡിക്കപ്പെടുന്നു. നാം നമു ക്കായി ഒരുക്കുന്ന വിഗ്രഹങ്ങളെയാണ് യഥാർഥത്തിൽ ഫറവോ യെക്കാൾ കൂടുതൽ നാം ഭയപ്പെടേണ്ടത്; നമ്മുടെ ഉള്ളിലിരുന്ന് മന്ത്രി

ക്കുന്ന അവന്റെ സ്വരമായി നാം അവയെ കണക്കാക്കുന്നു. സർവശക്തരായിരിക്കാനും എല്ലാവരാലും പരിഗണിക്കപ്പെടാനും എല്ലാവരുടെയുംമേൽ ആധിപത്യം പുലർത്താനും നാം ആഗ്രഹിക്കുന്നു; അപ്രകാരമുള്ള ഒരു അസത്യം എത്രമാത്രം പ്രലോഭനജനകമാണെന്ന് ഓരോ വ്യക്തിക്കും അറിയാം. എന്നാൽ, അത് കൂടുതൽ സഞ്ചരിക്കപ്പെടുന്ന പാതയാണ്. ധനത്തോടും ചില പ്രത്യേക പദ്ധതികളോടും ചില ആശയങ്ങളോടും ലക്ഷ്യങ്ങളോടും സ്ഥാനമാനങ്ങളോടും പാരമ്പര്യങ്ങളോടും, എന്നല്ല ചില വ്യക്തികളോടും നാം ഒട്ടിച്ചേർന്നിരിക്കാൻ സാധ്യതയുണ്ട്. മുന്നോട്ടു ഗമിക്കാൻ സഹായിക്കുന്നതിനു പകരം അവ നമ്മെ തളർത്തിക്കളയുന്നു. കണ്ടുമുട്ടലിനു പകരം ഏറ്റുമുട്ടലിലേക്ക് അവ നമ്മെ നയിക്കുന്നു. എന്നിരുന്നാലും, ഒരു പുതിയ മാനവരാശിയുമുണ്ട്; ചെറിയവരുടെയും വിനീതരുടെയും ഒരു ഗണമാണത്; അസത്യത്തിന്റെ ആകർഷണത്തിനു വഴങ്ങാത്തവരാണ് അവർ. വിഗ്രഹങ്ങളെ ശുശ്രൂഷിക്കുന്നവർ അവയെപ്പോലെ തന്നെ മൂകരും അന്ധരും ബധിരരും ചലനമറ്റവരും ആയിത്തീരുമെങ്കിൽ (സങ്കീ 114:4 കാണുക) ആത്മാവിൽ ദരിദ്രർ തുറവുള്ളവരും തയ്യാറുള്ളവരുമാണ്, അതായത്, സുഖപ്പെടുത്തുകയും ലോകത്തെ നിലനിറുത്തുകയും ചെയ്യുന്ന നന്മയുടെ ഒരു നിശബ്ദ ശക്തി.

ഇത് പ്രവർത്തിക്കാനുള്ള സമയമാണ്, എന്നാൽ നോമ്പുകാലത്ത് *പ്രവർത്തിക്കുക* എന്ന് പറഞ്ഞാൽ *അല്പം നിറുത്തുക* (to pause) എന്നർഥമുണ്ട്. അതായത്, *പ്രാർഥനയ്ക്കായി* ഇടവേള എടുക്കുക; അങ്ങനെ ദൈവവചനം സ്വീകരിക്കാനും പരിക്കേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ കൂടെ അല്പനേരം നില്ക്കാനും സമയം കണ്ടെത്തുക. ദൈവസ്നേഹവും അയൽക്കാരോടുള്ള സ്നേഹവും ഒരേ സ്നേഹംതന്നെയാണ്. അന്യദേവന്മാർ ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നത്, സഹോദരന്റെ ശരീരത്തിന്റെ സവിധേ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നില്ക്കുക എന്നത്രേ. അക്കാരണത്താൽ പ്രാർഥന, ദാനധർമ്മം, ഉപവാസം എന്നിവ പരസ്പരബന്ധമില്ലാത്ത പ്രവൃത്തികൾ അല്ല. നമ്മെ ഭാരത്താൽ വലിക്കുന്ന വിഗ്രഹങ്ങളിൽനിന്നും നമ്മെ ബന്ധങ്ങളാൽ തടവറയിൽ ആക്കുന്ന പ്രവൃത്തികളിൽനിന്നും മോചിപ്പിച്ച് തുറവിന്റെയും സ്വയം ശൂന്യവൽകരണത്തിന്റേതുമായ പാതയിൽ കൊണ്ടെത്തിക്കുന്ന ഏകചലനമാണ് അവ. അപ്പോൾ നമ്മുടെ ശോഷിച്ചതും ഒറ്റപ്പെട്ടതുമായ ഹൃദയം വീണ്ടും ബലപ്പെടുത്തപ്പെടും. മന്ദഗതിയിലാകുക,

തുടർന്ന് നിലയ്ക്കുക! ജീവിതത്തിന്റെ ധ്യാനാത്മകഭാവം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന നോമ്പുകാലം നമുക്ക് പുതിയ ഊർജം പകരും. ദൈവികസാന്നിധ്യത്തിൽ, അപരനെക്കുറിച്ചുള്ള സംവേദനക്ഷമതയിൽ നാം കൂടുതൽ കൂടുതൽ സഹോദരീസഹോദരന്മാരായി ഭവിക്കും; ഭീഷണികളുടെയും ശത്രുക്കളുടെയും സ്ഥാനത്ത് നാം സഹകാരികളെയും സഹയാത്രികരെയും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ സ്വപ്നം, അതായത്, നമ്മുടെ അടിമത്തം പിന്നിലാക്കിക്കൊണ്ട് വാഗ്ദത്ത ഭൂമിയിലേക്കുള്ള നമ്മുടെ തീർത്ഥാടനം.

ഈ വർഷങ്ങളിൽ നാം വീണ്ടും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന 'സഭയുടെ സിനഡാത്മകരൂപം' നോമ്പുകാലത്തെ നോക്കികാണുന്നത് സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമായാണ്, അതായത് ചെറുതും വലുതും ആയതും നിലവിലുള്ളവയ്ക്ക് വിരുദ്ധമായതുമായ തീരുമാനങ്ങൾ എടുക്കുന്നകാലം. വ്യക്തികളുടെയും മുഴുവൻ ജനസമൂഹങ്ങളുടെയും ജീവിതങ്ങളെയും ദൈനംദിനം ഉള്ള വ്യവഹാരങ്ങളെയും വ്യത്യസ്തപ്പെടുത്താനുള്ള തീരുമാനങ്ങൾ, അതായത്, വസ്തുക്കൾ സ്വന്തമാക്കാനുള്ള മാർഗങ്ങൾ, സൃഷ്ടിയെക്കുറിച്ചുള്ള കരുതൽ, പരിസ്ഥിതി സംരക്ഷണം, കാണപ്പെടാത്തവരും നിരാകരിക്കപ്പെട്ടവരും ആയവരെയും ഉൾക്കൊള്ളാനുള്ള തീരുമാനങ്ങൾ എന്നിവ. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായി ഞാൻ ഓരോ ക്രൈസ്തവ സമൂഹത്തെയും ക്ഷണിക്കുന്നു: തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി അതിന്റെ അംഗങ്ങൾക്ക് സമയം ഒരുക്കി നൽകുക; സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരം ഒരുക്കുക; തങ്ങളുടെ ജീവിതം വഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക എന്നിവ. യേശുവിനെ നിരാശനാക്കിയ തരത്തിലുള്ള പശ്ചാത്താപമാണ് നമ്മുടെ ക്രൈസ്തവമായ പശ്ചാത്തപമെങ്കിൽ അപ്രകാരമുള്ളത് ശാപഗ്രസ്തം ആയിരിക്കും. കാരണം, നമ്മോട് യേശു പറയുന്നു,'നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു' (മത്താ 6:16). അതിനുപകരം, മറ്റുള്ളവർ നമ്മുടെ സന്തോഷഭരിതമായ മുഖങ്ങൾ കാണട്ടെ. അങ്ങനെ അവർക്ക് സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവും സ്നേ

ഹത്തിന്റെ അനുഭവവും ലഭ്യമാകട്ടെ. പ്രസ്തുത സ്നേഹം ഏറ്റവും ചെറുതിൽനിന്നു തുടങ്ങി നമ്മുടെ ഏറ്റവും അടുത്തുള്ളതുവരെയുള്ള എല്ലാ കാര്യങ്ങളും നവമാക്കുന്ന ഒന്നാണ്. ഇത് നമ്മുടെ ഓരോ ക്രൈസ്തവസമൂഹത്തിലും നടക്കാവുന്ന ഒരു കാര്യമാണ്.

നോമ്പുകാലം മാനസാന്തരത്തിന്റെ അവസരമായി മാറുകയാണെങ്കിൽ, ഉൽക്കണ്ഠാഭരിതമായ മനുഷ്യ സമൂഹം സർഗാത്മകതയുടെ ഒരു പ്രസരണവും പ്രത്യാശയുടെ ഒരു കിരണവും ദർശിക്കും. കഴിഞ്ഞ വേനൽകാലത്ത് ലിസ്ബണിൽവച്ച് യുവാക്കളോടു ഞാൻ പറഞ്ഞത് ആവർത്തിക്കട്ടെ: 'അന്വേഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കുവിൻ, സാഹസങ്ങൾ ചെയ്യാൻ തയ്യാറായിരിക്കുവിൻ'. ഇക്കാലസന്ധിയിൽ നാം വളരെയേറെ പ്രതിസന്ധികളാണ് നേരിടുന്നത്; അനേകം ജനതകളുടെ ദീനരോദനം നാം കേൾക്കുന്നു. യഥാർഥത്തിൽ കഷണം കഷണമായി നാം ഒരു മൂന്നാം ലോകമഹാ യുദ്ധമാണ് അനുഭവിക്കുന്നത്. എന്നിരുന്നാലും, ലോകത്തെ നോക്കി കാണാനുള്ള ധൈര്യം നമുക്ക് സംഭരിക്കാം: മരണവേദനയിൽ ആയിരിക്കുന്ന ലോകത്തെയല്ല, മറിച്ച് ജന്മംനൽകുന്നതിൽ ആയിരിക്കുന്നതിനെ; മഹത്തായ ചരിത്രത്തിന്റെ അവസാനത്തിലായിരിക്കുന്നതിനെയല്ല, പുതിയതിന്റെ ആരംഭത്തിൽ ആയിരിക്കുന്ന ഒരു ലോകത്തെ. ഇപ്രകാരം ചിന്തിക്കാൻ നമുക്ക് ധൈര്യം വേണം' (2023 ആഗസ്റ്റ് 3-ാം തീയതി സർവകലാശാലാവിദ്യാർഥികൾക്ക് നൽകിയ സന്ദേശം). ഇതാണ് മാനസാന്തരത്തിന്റെ ധൈര്യം, അടിമത്തത്തിൽ നിന്നു പുറത്തുവന്ന് ജന്മം എടുത്ത മനസാന്തരത്തിന്റെ ധൈര്യം. എന്തെന്നാൽ, പ്രത്യാശ എന്ന ചെറിയ ശിശുവിന്റെ കരങ്ങളിൽ വിശ്വാസവും സ്നേഹവും പിടിക്കുന്നു. അവർ അവളെ നടക്കാൻ പഠിപ്പിക്കുന്നു; അതേസമയം, അവൾ അവരെ മുന്നോട്ടു നയിക്കുന്നു [1].

ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ നോമ്പുകാല പാതയെയും ആശിർവദിക്കുന്നു

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച, 2023 ഡിസംബർ മൂന്നാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

**C. 10. സർക്കുലർ**

# ഇടയലേഖനം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധന ചെയ്യുകയാണ്. സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയുംചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭമുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കുകയും ചെയ്ത കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിനും ഏറ്റം ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവികഇടപെടലുകളുടെ അത്ഭുതവിവരണമാണ്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവസമൂഹത്തിനു നൂറ്റാണ്ടുകൾനീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടി വന്നത്. കത്തോലിക്കാ കൂട്ടായ്മയിൽ

നിന്നു വിഘടിച്ചുപോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടി യുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992-ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെയാണു സീറോമലബാർസഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണ മായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങ ളിൽ വഴിനടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബി ഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടുംകൂടെ അനുസ്മരി ക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളി ല്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹി തമായ അധ്വാനവും വ്രതമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള സഭയായി സീറോ മലബാർസഭയെ വളർത്തുകയും ഭാരതത്തിനു പുറത്തു മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോപ്പിലെ അപ്പസ്തോലിക്ക് വിസിറ്റേഷ ന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നല്കു കയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശന മാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകര ണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തു ലക്ഷ്യ ത്തിലെത്തിച്ചത് അഭിവന്ദ്യപിതാവിന്റെ നിശ്ചയദാർഢ്യവുംനേതൃത്വ പാടവവുമാണ്. അഭിവന്ദ്യ പിതാവു സഭയ്ക്കുവേണ്ടിചെയ്ത ത്യാഗ പൂർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെ ടുപ്പിനു സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹ ത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാ

കണമെന്ന പ്രത്യേക നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് (മത്താ. 25: 35-36). പാവങ്ങളുടെ സഭ എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്നനിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമായതും ഭരണഘടന ഉറപ്പുനല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടി രിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിതങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രിക സാഹോദര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ

വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്ര തയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന അനുഗ്രഹ ങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോ ലിക് വിസിറ്റേഷനിലും മറ്റു അസംഘടിത സമൂഹങ്ങളിലുമായി അൻ പതുലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവ രീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദി കരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാട് ഉള്ളവരാക ണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തുലക്ഷത്തോളംവരുന്ന കുടും ബങ്ങളാണു നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹ ത്തിലും പരസ്പരബഹുമാനത്തിലും രൂപപ്പെടുകയും വളരുകയും ചെയ്യുന്ന കുടുംബങ്ങൾക്കുമാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീ കരണത്തെ നേരിടാൻ സാധിക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസ ജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങ ളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിത സാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസ പരിശീലനം സഭ മുഴുവന്റെയും ഉത്ത രവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനു മായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു മറ്റുള്ളവർക്കു മുൻപിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞു ങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപതകളിലും മിഷൻപ്രദേശങ്ങളിലും ശുശ്രൂഷചെയ്യുന്നവരെ പ്രാർഥനയിൽ

പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിത മേഖലകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷകളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹ്യസേവനത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖലകളിൽനിന്നു അവരെ പുറത്താക്കാനും ജനോപകാരപ്രവർത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്തു സഭമുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലിസാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനും വേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോമലബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാം ക്ലാസു കഴിഞ്ഞയുടൻ വിദേശത്തേക്കുപോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ വിദേശത്തേക്ക് അയക്കുന്ന സാഹചര്യവും വിശകലന വിധേയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ

സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത് വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹികമാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഈ വിഷയത്തിനു പരിഹാരം കാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ പിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോടു എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധനത്തിൽനിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാ കൂട്ടായ്മയിൽ നമ്മൾ നിലനില്ക്കുന്നതു പരിശുദ്ധ പിതാവിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേല്പിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശവയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകുമ്പോഴും, ‘‘അവിടന്നു തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നല്കുമെങ്കിലും അവിടന്നു സ്വജനത്തെ കൈവിടുന്നില്ല’’ (2 മക്ക 6:16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. ‘‘നിങ്ങൾ എന്നെ തെരഞ്ഞെടു

ക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കയാണു ചെയ്തത്'' (യോഹ 15:16) എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. ''നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്'' (1 തെസ 5:24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ. സാർവത്രിക സഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തിസഭകളിലൊന്നായ സീറോ മലബാർസഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസസാക്ഷ്യം നല്കാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

NB: ഈ ഇടയലേഖനം 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

PL. 18. ഇടയലേഖനം

# ഇടുക്കി രൂപതാ നോമ്പുകാല തീർത്ഥാടനം എഴുകുംവയൽ കുരിശുമലയിലേക്ക്

"ക്രൂശിതനൊപ്പം അനുതാപത്തിന്റെയും പരിഹാരത്തിന്റെയും പാതയിൽ ഒന്നായി യാത്രചെയ്യാം" എന്ന ആപ്തവാക്യവുമായി ഈ വർഷവും രൂപതാടിസ്ഥാനത്തിൽ തീർത്ഥാടനം നടത്താൻ ഉദ്ദേശിക്കുകയാണ്.

ഈശോമിശിഹായുടെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മകളിലൂടെ നാം കടന്നുപോകുന്ന ദിനങ്ങളാണല്ലോ നോമ്പുകാലം. കുരിശിന്റെ വഴി ചൊല്ലി അനുതാപത്തോടെ നാം നടത്തുന്ന തീർത്ഥാടനങ്ങൾ നമുക്ക് ആത്മീയ ബലം പകർന്നുതരും.

രൂപതയുടെ വിവിധ സെന്ററുകളിൽനിന്ന് കാൽനടയായും അതിനു കഴിയാത്തവർക്ക് വാഹനങ്ങളിലും ഈ തീർത്ഥയാത്രയിൽ പങ്കുചേരാം. 40-ാം വെള്ളിയാഴ്ചയാണ് കാൽനട തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ ക്രിസ്തീയ ജീവിതത്തെപ്പറ്റി പ്രാർത്ഥനാപൂർവ്വം ധ്യാനിക്കുവാനും ക്രിസ്ത്യാനിയായി ജീവിക്കുന്നതിൽ സന്തോഷിക്കുവാനും സഹനങ്ങളെ ഉൾക്കൊള്ളുവാനും ജീവിതക്ലേശങ്ങളുടെയും പ്രലോഭനങ്ങളുടെയും മധ്യേ കർത്താവിനോട് ചേർന്നു നിൽക്കുവാനും ഈ തീർത്ഥാടനം വഴിയൊരുക്കും.

ആത്മീയ ജീവിതം ഒരു യാത്രയാണ്. അത് ഫലപ്രദമാകണെങ്കിൽ ഇശോയുടെ സഹനങ്ങളിൽ നാം പങ്കുചേരണം. മറ്റുള്ളവരുടെ സഹനങ്ങൾ ഏറ്റെടുക്കുകയും വേണം. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം." (യോഹ. 11: 16) എന്ന തോമാശ്ലീഹായുടെ വാക്കുകൾ നമ്മെ ശക്തരാക്കട്ടെ.

കഴിഞ്ഞ വർഷം നമ്മൾ ഒന്നുചേർന്ന് നടത്തിയ കാൽനട തീർത്ഥാടനം ഏറെ അനുഗ്രഹപ്രദമായിരുന്നു. ഈ വർഷത്തെ തീർത്ഥാടനത്തിനായി നമുക്ക് ത്യാഗപൂർവ്വം പ്രാർത്ഥിച്ച് ഒരുങ്ങാം.

2025 ൽ നാം ആചരിക്കുന്ന ജൂബിലിയുടെയും അതിനൊരുക്കമായി ഈ വർഷം ആചരിക്കുന്ന പ്രാർത്ഥനാവർഷത്തിന്റെയും കൂടി ഭാഗ മായിട്ടാണ് ഈ വർഷത്തെ തീർത്ഥാടനം നാം വിഭാവനം ചെയ്തിരി ക്കുന്നത്.

നമ്മുടെ എല്ലാ നിയോഗങ്ങളും ഈശോയുടെ മുമ്പിൽ നമുക്ക് സമർപ്പിക്കാം.

**ഈ തീർത്ഥയാത്രയിൽ നാം പ്രത്യേകം അനുസ്മരിക്കേണ്ട നിയോഗങ്ങൾ ഇവയാണ്**

1. കുടുംബ പ്രശ്നങ്ങൾ, കടബാധ്യത എന്നിവ മൂലം കഷ്ടപ്പെടുന്ന നമ്മുടെ കുടുംബങ്ങൾ.
2. വിവാഹം നടക്കാതെയും ജോലി ലഭിക്കാതെയും നിരാശരായി കഴിയുന്ന നമ്മുടെ യുവതീയുവാക്കന്മാർ.
3. വിശ്വാസത്തിനുവേണ്ടി പീഡനം സഹിക്കുന്ന വിവിധ രാജ്യങ്ങളി ലുള്ള നമ്മുടെ സഹോദരങ്ങൾ.

ഈശോയുടെ കുരിശിന്റെ മാതൃക പിന്തുടർന്ന് പുണ്യത്തിൽ വളരുവാനും വിശുദ്ധിയോടെ അവിടുത്തെ ഉത്ഥാനത്തിന്റെ സന്തോ ഷത്തിൽ പങ്കുചേരുവാനും ഈ തീർത്ഥാടനം നമ്മെ സഹായിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ആശീർവദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

**✝മാർ ജോൺ നെല്ലിക്കുന്നേൽ**

NB: തീർത്ഥാടനത്തിനുള്ള ക്രമീകരണം പിന്നീട് അറിയിക്കുന്നതാ യിരിക്കും.

C. 11. സർക്കുലർ

# നോമ്പുകാല സംഭാവന

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

നമ്മുടെ കർത്താവിന്റെ സഹന മരണ ഉത്ഥാന രഹസ്യങ്ങളെ സവിശേഷമായി ധ്യാനിക്കുന്ന വലിയ നോമ്പിന്റെ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മാനസാന്തരത്തിന്റെ മാർഗ്ഗങ്ങളിൽ താല്പര്യപൂർവ്വം പാദങ്ങൾ ഊന്നുന്ന നാളുകളാകട്ടെ നോമ്പുദിനങ്ങൾ. ദൈവത്തോടും അയൽക്കാരോടും അനുരഞ്ജനപ്പെട്ട ഹൃദയം നോമ്പുകാലത്ത് നാം സ്വന്തമാക്കണം. ''സ്നേഹം വിദ്വേഷം പുലർത്തുന്നില്ല''(1കോറി 11/8) എന്ന വചനത്തിന്റെ വെളിച്ചത്തിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും സകല അരൂപികളെയും ബോധപൂർവ്വം ഒഴിവാക്കേണ്ട കാലമാണിതെന്ന് സ്നേഹത്തോടെ നമുക്ക് ഓർമ്മിക്കാം. നമ്മുടെ ബന്ധങ്ങളുടെ മേഖല ആത്മശോധനയ്ക്കു വിധേയമാക്കണം. കുടുംബത്തിലുള്ളവരോടും അയൽക്കാരോടുമുള്ള നമ്മുടെ നിലപാടുകൾ സ്നേഹത്തിന്റേതല്ലെങ്കിൽ അവ പുനഃക്രമീകരിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ നമുക്ക് തടസ്സമായി നിൽക്കുന്നത് സ്നേഹരാഹിത്യമാണെന്ന സത്യം നാം മനസ്സിലാക്കണം. നമ്മുടെ നഷ്ട്ടപ്പെട്ട ബന്ധങ്ങളെ വീണ്ടെടുക്കാനും നമ്മുടെ ജീവിതത്തിൽ നിന്നും ഒരാളെയും മാറ്റിനിർത്താതിരിക്കാനും ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം. എന്തു ത്യാഗം സഹിച്ചും നമ്മിൽനിന്നും അകന്നുപോയവരെ ചേർത്തുപിടിക്കുവാൻ നമുക്ക് കഴിയണം. ''ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ അങ്ങനെ, ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും'' (മത്താ 5/45) എന്ന തിരുവചനം നമുക്ക് മാർഗ്ഗദീപമാകട്ടെ. നഷ്ടപ്പെട്ട ബന്ധങ്ങളെ വീണ്ടെടുക്കുവാനും വ്യക്തിജീവിതത്തെ ആത്മീയമായ അച്ചടക്കത്തിലേക്കു കൊണ്ടു വരാനും കഴിയുന്ന സുന്ദരദിനങ്ങളാകട്ടെ ഈ വർഷത്തെ വലിയ നോമ്പിന്റെ ദിനങ്ങൾ.

ഈശോയുടെ ഉത്ഥാനം നമുക്ക് പ്രത്യാശയുടെയും കരുതലിന്റെയും സന്ദേശമാണു നലകുന്നത്. വർത്തമാന കാലഘട്ടത്തിൽ ഈ പ്രത്യാശയുടെ സന്ദേശത്തിന് വലിയ പ്രധാന്യമുണ്ട്. വർദ്ധിച്ചു വരുന്ന വിലക്കയറ്റവും, നാണ്യവിളകളുടെ വിലത്തകർച്ചയും, വന്യമൃഗങ്ങളുടെ ആക്രമണവും നമ്മുടെ ജീവിതത്തെ പിന്നോട്ട് വലിക്കുന്നു. നാട്ടിലും പലരുടെയും വരുമാനമാർഗ്ഗങ്ങൾ നഷ്ടമായി, ചെറുകിട സംരംഭങ്ങൾ പലതും പ്രവർത്തനം അവസാനിപ്പിക്കുവാൻ നിർബന്ധിതമായി. കുട്ടികളുടെ വിദ്യാഭ്യാസം പോലും താറുമാറായി, സാമ്പത്തികമായി വലിയ പ്രതിസന്ധിരൂപപ്പെട്ടു. അങ്ങനെ എല്ലാ മേഖലകളിലും വലിയ അനിശ്ചിതത്വം നിലനിൽക്കുന്നു.

ഈ സാഹചര്യത്തിൽ നോമ്പുകാലം നല്കുന്ന സന്ദേശം കരുതലിന്റേതാണ്. മറ്റുള്ളവരുടെ ജീവിത പ്രതിസന്ധികളിൽ കരുതലോടെ സമീപിക്കുവാൻ നമുക്കു കഴിയേണ്ടതുണ്ട്. വിശക്കുന്നവർക്ക് അപ്പമായും, ഭവനരഹിതർക്ക് അഭയമായും, രോഗികൾക്ക് ലേപനമായും മാറുവാൻ നമുക്ക് കഴിയണം. "അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്വം നിന്റെ പിന്നിലും നിന്നെ സംരക്ഷിക്കും. നീ നിലവിളിച്ചാൽ ഇതാ ഞാൻ എന്ന് അവിടുന്ന് ഉത്തരമരുളും" (ഏശയ്യ 58:8-9).

രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയോടു ചേർന്ന് ഇക്കഴിഞ്ഞ വർഷങ്ങളിൽ നാം ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങളെല്ലം അഭിമാനത്തോടെ ഞാൻ അനുസ്മരിക്കുന്നു. പ്രളയകാലത്തും കോവിഡ്കാലത്തും ഹൈറേഞ്ചിലെ സാധാരണ ജീവിതങ്ങൾക്ക് കരുതലാകുവാൻ നമുക്കു കഴിഞ്ഞു. ഹൈറേഞ്ചിലെ സാധാരണക്കാരുടെ സമഗ്ര വളർച്ച ലക്ഷ്യം വച്ച് സൊസൈറ്റി എപ്പോഴും കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഭവനനിർമ്മാണ സഹായം, ചെറുകിട തൊഴിൽ സംരംഭങ്ങൾ, തൊഴിൽ പരിശീലനം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, വിവാഹ സഹായനിധി, ചികിത്സാ സഹായം തുടങ്ങി ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾക്ക് സൊസൈറ്റി നേതൃത്വം നല്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങളെല്ലാം ഭംഗിയായി നടത്താൻ കഴിയുന്നത് നിങ്ങളുടെ നിർലോപമായ സഹായ സഹകരണങ്ങൾ കൊണ്ടു മാത്രമാണ്. നിങ്ങ

ളുടെ ഉദാരതയെ ഞാൻ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. സഹ ജീവികൾക്ക് കരുതലാകാനുള്ള പരിശ്രമത്തിൽ നമുക്കുംപങ്കാളി കളാകാം. ഓശാന ഞായറാഴ്ച എടുക്കുന്ന സ്തോത്രക്കാഴ്ച നാം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്.

ഈ ഓശാന ഞായറാഴ്ചയും ഉദാരമായി സംഭാവന ചെയ്യു കയും അങ്ങനെ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കു ചേർന്നുകൊണ്ട് ഈ നോമ്പുകാലം അനുഗ്രഹപ്രദമാക്കുവാൻ നമു ക്ക് പരിശ്രമിക്കാം. ഉത്ഥിതനായ മിശിഹാ നിങ്ങളെ ഏവരെയും സമൃ ദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളേ വരേയും ആശീർവദിക്കുന്നു.

എന്ന്

**✝ മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാമെത്രാൻ

NB: ഇക്കാര്യം മാർച്ച് 17 ഞായറാഴ്ച പള്ളിയിൽ അറിയിക്കേണ്ടതും ഓശാന ഞായറാഴ്ച എടുക്കുന്ന സ്തോത്രക്കാഴ്ച ഹൈറേഞ്ച് ഡവ ലപ്മെന്റ് സൊസൈറ്റിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

| | | ജനുവരി 2024 |
|---|---|---|
| 25/01/2024 | 6.30 am | ബഹു. വളവനാൽ അച്ചന്റെ പരേതയായ വത്സല മാതാവിന്റെ നാല്പത്തൊന്നാം ചരമദിനത്തിൽ മരിയാപുരം സെന്റ് മേരീസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |
| | 09.30 am | കാൽവരിമൗണ്ട് സെന്റ് ജോർജ് ഇടവകാംഗമായ കോലംകുഴിയിൽ ജോയിയുടെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| | 06.30 pm | തങ്കമണി എഫ്.എസ്.എച്ച്.എ മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| 27/01/2024 | 10.00 am | അരുവിക്കുഴി ലൂർദ്ദ് മാതാ ദൈവാലയത്തിൽ അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം C.S.T പിതാവിന്റെ പൗരോഹിതത്തിന്റെ സുവർണ്ണ ജൂബിലിയിൽ പങ്കെടുത്തു. |
| | 4.00 pm | നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. |
| 28/01/2024 | | വട്ടപ്പാറ ഉണ്ണി മിശിഹാ ദൈവാലയത്തിന്റെ രജത ജൂബിലിയുടെ ആഘോഷത്തിന്റെ ഭാഗമായി വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 29/01/2024 | | മുരിക്കാശ്ശേരി സെന്റ് മേരീസ് ഫൊറോന ഇടവകാംഗവും ഇടുക്കി രൂപതാ വൈദിക വിദ്യാർത്ഥി ബ്രദർ ഡോണി ചിലമ്പിക്കുന്നേലിന്റെ പിതാവുമായ ടോമി ജോസഫിന്റെ |

| | | |
|---|---|---|
| | | നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 31/01/2024 - 07/02/2024 | | ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ 36-ാമത് പൊതുസമ്മേളനത്തിൽ പങ്കെടുത്തു. |
| | | **ഫെബ്രുവരി 2024** |
| 08/02/2024 | | കോഴിക്കോട് ദൈവമാതാ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ വർഗീസ് ചക്കാലക്കൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. |
| 09/02/2024 | | തോക്കുപാറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപന സമ്മേളനത്തിൽ വചന സന്ദേശം നൽകി. |
| | | പണിക്കൻകുടി സെന്റ് ജോൺ മരിയ വിയാനി ഇടവകാംഗവും സി. ജോമിനി പി.എസ്.എ യുടെ മാതാവുമായ പാറയ്ക്കൽ അന്നമ്മ ജോസഫിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 10/02/2024 | 8.00 am | നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്ന ജോർദ്ദാനിയ മാമ്മോദീസായ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 10.00 am | മുരിക്കാശ്ശേരിയിൽ വച്ച് നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ സ്നേഹസംഗമം ഉദ്ഘാടനം ചെയ്തു അവാർഡ് ജേതാക്കളെ ആദരിച്ചു. |

| | | |
|---|---|---|
| | 2.00 pm | വള്ളക്കടവ് സെന്റ് ആന്റണീസ് ഇടവകാംഗമായ വാലുമേൽ ബിനോയിയുടെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| | 3.00 pm | വെള്ളയാംകുടി സെന്റ് ജോർജ് ഫൊറോന ഇടവകാംഗമായ പൊടിപാറ സാബുവിന്റെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| | 6.30 pm | എസ്.ഡി സെന്റ് വിൻസന്റ് പ്രൊവിൻസിന്റെ സിനാക്സിസിനോടനുബന്ധിച്ച് കോഴിപ്പിള്ളി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 11/02/2024 | 11.00 am | കിളിയാർകണ്ടം തിരുക്കുടുംബ ദൈവാലയത്തിൽ രോഗീദിനത്തോടനുബന്ധിച്ച് വചന സന്ദേശം നൽകി. |
| | 05.30 pm | ജോസ്പുരം സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. |
| 12/02/2024 | | കോട്ടയം വിമലഗിരി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി ലാറ്റിൻ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന വിജയപുരം സഹായമെത്രാൻ അലക്സാണ്ടർ മഠത്തിപറമ്പിലിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു. |
| 13/02/2024 | | ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| | | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 14/02/2024 | | അടിമാലി അത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |


| | | |
|---|---|---|
| 15/02/2024 | | പാറത്തോട് സെൻ്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന വൈദിക രുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 17/02/2024 | | പാറത്തോട് സെൻ്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന രോഗീദിന ത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 18/02/2024 | | കല്ലാർ സെൻ്റ് ജോസഫ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 19/02/2024 | | രാജമുടി മാർ സ്ലീവാ കോളേജിൽ വച്ച് നടന്ന MSW 2021-2023 ബാച്ചിൻ്റെ കോൺ വൊക്കേഷൻ സെറിമണിയിൽ പങ്കെ ടുത്തു. |

# BISHOP'S ENGAGEMENTS

**മാർച്ച് 2024**

| | |
|---|---|
| 01 | അടിമാലി |
| | കുഞ്ചിത്തണ്ണി |
| 02 | തങ്കമണി |
| | ഇരട്ടയാർ |
| 03 | ഇടവക സന്ദർശനം, സ്ലീവാമല |
| 06 | മുരിക്കാശ്ശേരി |
| | വാഴത്തോപ്പ് |
| 08 | വാഴത്തോപ്പ് |
| | ചുരുളി |
| 10 | ഇടവക സന്ദർശനം, മേരിലാന്റ് |
| 17 | ഇടവക സന്ദർശനം, മുട്ടുകാട് |
| 18 | ഇരട്ടയാർ |
| 22 | നോമ്പുകാല തീർത്ഥാടനം, എഴുകുംവയൽ |
| 29 | ദുഃഖവെള്ളി, എഴുകുംവയൽ |

# നാമഹേതുക തിരുനാൾ മംഗളങ്ങൾ





**മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന ഇടുക്കി രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലുസ് മോൺ. ജോസ് പ്ലാച്ചിക്കലച്ചനും മോൺ. ജോസ് കരിവേലിക്കലച്ചനും തിരുനാൾ മംഗളങ്ങൾ.**

# കച്ചേരി വാർത്തകൾ

## C. 15/24 ഇടുക്കി രൂപതയുടെ സ്ഥാപന ദിനം

ഇടുക്കി രൂപതയുടെ സ്ഥാപന ദിനം മാർച്ച് 2-ാം തീയതി യാണല്ലോ. രൂപതയുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ 21 വർഷക്കാലം ദൈവം തന്ന അനുഗ്രഹ ങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ബഹു. വികാ രിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ.

*Bishop*

## C. 16/24 മൂറോൻ കൂദാശയും വൈദികരുടെ പൊതുമാസ ധ്യാനവും

2024 മാർച്ച് 25-ാം തീയതി വാഴത്തോപ്പ് കത്തീഡ്രൽ ദൈവാ ലയത്തിൽ വച്ച് മൂറോൻ കൂദാശയും വൈദികരുടെ പൊതുമാസ ധ്യാനവും രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ നടത്തു ന്നതാണ്. എല്ലാ വൈദികരും ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*Proto Syncellus*

## C. 17/24 എഴുകുംവയൽ തീർത്ഥാടനം

മാർച്ച് 22-ാം തീയതി നാൽപതാം വെള്ളിയാഴ്ച എഴുകും വയൽ കുരിശുമലയിലേക്ക് രൂപതാതല നോമ്പുകാല തീർത്ഥാടനം നടത്തപ്പെടുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കാൽനട യായി നടത്തപ്പെടുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കാൻ ആളുകളെ ബഹുമാനപ്പെട്ട അച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ. മറ്റ് ക്രമീകരണ ങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*Proto Syncellus*

## C. 18/24 മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജത ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജത ജൂബിലി സ്മാരക സ്കോളർഷിപ്പിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു.

കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേര് പറ ഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2024-2025 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്ന വരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്. Technical and Professional Studies At the Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business/ Banking Administration (Master's Degree only) ഒരിക്കൽ സ്കോളർ ഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനു മുമ്പ് കോഴ്സ് അവസാനി ക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.

2024 മെയ് 11-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണിവരെ കോതമംഗലം സെന്റ് ജോർജ് HSSലും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് HSലും വച്ചു നടത്തുന്ന പ്രവേശക പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കു ന്നത്. സൺഡേ സ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശക പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശക പരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാ നിയമസംഗ്രഹം അനുബന്ധം 14 കാണുക.

പ്രവേശക പരീക്ഷാവിഷയങ്ങൾ
Sunday School Texts - Standards IX, X, XI, XII
and General Knowledge.

സ്കോളർഷിപ്പിന് വേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹി ക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2024 മാർച്ച് 30-ാം തീയതിക്കകം അറിയിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു. പരീക്ഷയ്ക്ക് വരുന്ന കുട്ടികൾ വികാരി യച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686691, Tel : 0485-2862236.

*Proto Syncellus*

## C. 19/24 ഇടുക്കി രൂപത സാമ്പത്തിക കാര്യാലയം

2023-2024 ധനകാര്യവർഷം മാർച്ച് 31 ന് അവസാനിക്കുകയാണല്ലോ. ഓരോ ധനകാര്യ വർഷത്തെയും ഇടപാടുകൾ മാർച്ച് 31 ന് മുൻപായി തീർക്കണമെന്ന നിർദ്ദേശങ്ങൾ എല്ലാവരും കൃത്യമായി പാലിക്കുവാൻ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. 2023-2024 വർഷം മുതൽ ഓരോ ഇടവകയും നൽകേണ്ട ഫീസ് കഴിഞ്ഞ ധനകാര്യ വർഷത്തിൽ ഓരോ ഇടവകയിലും അറിയിച്ചിട്ടുണ്ടല്ലോ. നമ്മുടെ രൂപതയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുൻപോട്ട് നീങ്ങുന്നത് ഓരോ ഇടവകയിൽ നിന്നും ലഭിക്കുന്ന തിരട്ടു ഫീസ് കൊണ്ടാണ്. വളരെ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് തന്നെയാണ് നിങ്ങൾ നൽകുന്ന തുകകൾ ചെലവഴിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിലെ തിരട്ട് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഓരോ ഇടവകയും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. ഒരു സാമ്പത്തിക വർഷത്തെ വരുമാനത്തിന്റെ 85% അതാത് വർഷം ചെലവഴിച്ചു തീർത്തില്ലെങ്കിൽ, ആ തുക Scheduled ബാങ്കിൽ Fixed Deposit ആയി നിക്ഷേപിക്കേണ്ടതാണ്. അതിന്റെ FD Receipt copy പ്രത്യേകം ആയി Auditing ന് ഏൽപ്പിക്കേണ്ടതുമാണ്.
2. 10,000 രൂപയിൽ കൂടുതൽ ഉള്ള എല്ലാ ചെലവുകളും (ബഹു. വികാരിമാരുടെ അലവൻസ്, കപ്യാരുടെ ശമ്പളം ഉൾപ്പെടെ) Cross ചെയ്ത ചെക്ക് മുഖേനയോ Transfer ചെയ്തോ മാത്രമേ നൽകുവാൻ പാടുള്ളൂ:- മേൽ പറഞ്ഞ തുകകൾ Divide ചെയ്ത് വൗച്ചറിൽ എഴുതുവാൻ പാടുള്ളതല്ല.
3. Crossed Cheque: എല്ലാ ചെക്കുകളും cross ചെയ്തു മാത്രമേ നൽകുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം അത് cash ആയി മാത്രമേ കണക്കാക്കാൻ സാധിക്കൂ. അങ്ങനെ കൊടുക്കുന്ന തുകയ്ക്ക് income tax കൊടുക്കേണ്ടതായും വരും.
4. ഏതെങ്കിലും പള്ളികളിൽ Contract അടിസ്ഥാനത്തിൽ പണി നടക്കുകയാണെങ്കിൽ TDS പിടിച്ചതിനുശേഷം മാത്രമേ Contractorക്ക് ചെക്ക് നൽകുവാൻ പാടുള്ളൂ.

TDS നിരക്കുകൾ: -

Contractor

വ്യക്തികൾക്ക് - 1%, മറ്റുള്ളവർക്ക് - 2%.

Professional Fee (Architect, Advocate, Engineer) -10%.

Interest on Loan (Scheduled ബാങ്കുകൾ ഒഴികെ) -10%.

TDS പിടിച്ച തുക സർക്കാരിലേക്ക് 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും TDS Return file ചെയ്യേണ്ടതുമാണ്.

5. കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്കുകളിലുള്ള എല്ലാ അക്കൗണ്ടുകളും (fixed deposit ഉൾപ്പെടെ) ഇനിയും ഏതെങ്കിലും പള്ളികൾക്ക് ഉണ്ടെങ്കിൽ മാർച്ച് പതിനഞ്ചാം തീയതിക്കു മുൻപ് നിർബന്ധമായും ക്ലോസ് ചെയ്യേണ്ടതാണ്. പ്രസ്തുത തുക ഷെഡ്യൂൾഡ് ബാങ്കിലേക്ക് മാറ്റേണ്ടതുമാണ്.

6. ഒരു സ്ഥാപനത്തിൽ നിന്ന് ഡൊണേഷൻ വാങ്ങുകയും അതേ സ്ഥാപനത്തിലേക്ക് തിരികെ കൊടുക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. 2023-2024 സാമ്പത്തിക വർഷത്തിലെ തിരട്ട് ഫീസ്, കൂരിയാ കളക്ഷൻ, ക്ലർജി റിലീഫ് ഫണ്ട്, പതിമൂന്നാം മാസ അലവൻസ്, മിഷൻഫണ്ട്, മേജർ സെമിനാരി ഫണ്ട് തുടങ്ങിയവ താഴെ പറയുന്ന നാല് അക്കൗണ്ടുകളിലേക്കായി 2024 മാർച്ച് 31 നു മുൻപ് അയയ്ക്കണമേ എന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയുടെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും നൽകുന്ന സഹകരണങ്ങൾക്ക് പ്രത്യേകം നന്ദി പറയുന്നു.

7. മുമ്പ് നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകൾ പള്ളികളിൽ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നുകൂടി അറിയിക്കുന്നു.

**Thirttu Fees (Fixed) + Directory Rs. 300 + സഹ്യനാദം (Per Copy) -350 + പഞ്ചാംഗം - 130 (Per Copy)**

To,

Procurator,Diocese of Idukki
Federal Bank Karimpan Branch
A/c. No.13300100051712
IFSC CODE: FDRL0001330

**CURIA COLLECTIONS (per head Rs.10/-)**

To,

Procurator, Diocese of Idukki
Federal Bank Karimpan Branch
A/C No.13300100137404
IFSC: FDRL0001330

**CLERGY RELIEF FUND, (10% of Thirattu fees) + 13th Month's Allowance (Rs.15,000/-).**

To,

Vaidika Kshema Samidhi, Diocese of Idukki,
Federal Bank Karimpan Branch
A/c. No. 13300100075166.
IFSC: FDRL0001330.

**MISSION COLLECTION**

To,

Name: ARUNODAYA CHARITABLE TRUST.
Bank: STATE BANK OF INDIA
SB. A/C NO: 41233383720
Branch: Old Ziro
IFSC: SBIN0017205

**MAJOR SEMINARY FUND**

To,

Assistant Procurator, Diocese of Idukki
A/C no.13300100140994
IFSC code: FDRL0001330
Federal Bank Karimpan branch

**Contact Number: +91 9447511014**

*Procurator*

# Eparchial Curia

## Diocese of Idukki

Ord. No. 105/2024 29/01/2024

**CONSTITUTION OF THE PRESBYTERAL COUNCIL 2024-2029**

Hereby I constitute the Presbyteral Council for the period of 2024-2029 as per CCEO Canons 264, the Particular Law of the Syro- Malabar Church article 14 and the Statues of the Presbyteral Council of the eparchy of Idukki with the following priests as its members.

**I. Ex-officio Members**

1. Msgr. Jose Plachickal (Protosyncellus)
2. Msgr. Abraham Purayattu (Syncellus)
3. Msgr. Jose Karivelickal (Syncellus)
4. Rev. Fr. Joseph Thachukunnel (Finance Officer)
5. Rev. Fr. Thomas Panjikunnel (Chancellor)
6. Rev. Fr. Martin Ponpanal (Vice-Chancellor)
7. Rev. Fr. Jose Chittadiyil (Protopresbyter – Churuly)
8. Rev. Fr. Joseph Velinjalil (Protopresbyter – Koompanpara)
9. Rev. Fr. John Mundackatt (Protopresbyter – Kunchithanny)
10. Rev. Fr. Mathew Karottukocharackal (Protopresbyter – Mankkulam)
11. Rev. Fr. Jose Narithookil (Protopresbyter – Murickassery)
12. Rev. Fr. James Souriamkuzhy (Protopresbyter – Nedumkandam)
13. Rev. Fr. Sebastian Kochupurackal (Protopresbyter – Parathodu)
14. Rev. Fr. Joseph Vazhayil (Protopresbyter – Rajakad)
15. Rev. Fr. Jose Marattil (Protopresbyter – Thankkamany)
16. Rev. Fr. Francis Edavakandam (Protopresbyter – Vazhathope)
17. Rev. Fr. Thomas Anikuzhikattil ((Protopresbyter – Vellathooval)
18. Rev. Fr. Thomas Maniyattu (Protopresbyter – Vellayamkudy)

**II. Elected Members**

| | |
|---|---|
| 19. Churuly | Rev. Fr. Joseph Akkoottu. |
| 20. Erattayar | Rev. Fr. Mathew Vengaloor |
| 21. Koompanpara | Rev. Fr. Mark Chittemariyil |
| 22. Kunchithanny | Rev. Fr. Vincent Valiplackal |
| 23. Mankulam | Rev. Fr. George Pallivathukal |
| 24. Murickassery | Rev. Fr. Emmanuel Kuthanapillil |
| 25. Nedumkandam | Rev. Fr. John Chenamchira |
| 26. Parathodu | Rev. Fr. Sebastian Manackalettu |

Bishop's House, Manippara P.O.
Idukki, Kerala - 685 602
curiaidukki@gmail.com
+91 9061230151

# Eparchial Curia
## Diocese of Idukki

| | |
|---|---|
| 27. Rajakad | Rev. Fr. James Valiyaveettil |
| 28. Thankamany | Rev. Fr. James Palackamattathil |
| 29. Vazhathope | Rev. Fr. Sebastian Melettu |
| 30. Vellathooval | Rev. Fr. Luke Thachaparambath |
| 31. Vellayamkudy | Rev. Fr. Thomas Nechukattu |
| 32. Priests who are not in Active Ministry | Rev. Fr. Philip Parackal |
| 33. Priests in Seminaries | Rev. Fr. Sebastian Vadakkel |
| 34. Directors of Pious Associations | Rev. Fr. Joseph Poovathinkal |
| 35. Priests who are in Study | Rev. Fr. Joseph Parackal |
| 36. Priests working in Educational Institutions | Rev. Fr. Joseph Parakadavil Sr. |
| 37. Priests in Ministry outside the Eparchy- Abroad | Rev. Fr. Francis Ambalathinkal |
| 38. Priests in Ministry outside the Eparchy- India | Rev. Fr. Kuriakose Kollappallil |
| 39. Assistant Parish Priests – I | Rev. Fr. Joseph Ummikunnel |
| 40. Assistant Parish Priests – II | Rev. Fr. Jacob Vellakolambel |
| 41. Religious Priests – I | Rev. Fr. Sebastian Thundathikunnel VC |
| 42. Religious Priests – II | Rev. Fr. Chacko Mannusseril OFM Cap |

**III. Nominated Members**

43. Rev. Fr. George Thakadieyel
44. Rev. Fr. Philip Mattam
45. Rev. Fr. Mathew Thadathil
46. Rev. Fr. Philip Iykkara

Yours Faithfully in our Lord,

+Bishop John Nellikunnel
Eparchy of Idukki

Fr. Thomas Panjikunnel
Chancellor

EPARCHIAL CURIA IDUKKI

Bishop's House, Manippara P.O.
Idukki, Kerala - 685 602
curiaidukki@gmail.com
+91 9061230151

## C. 21/24 എപ്പാർക്കിയിൽ അസ്സംബ്ലി നിർദ്ദേശങ്ങൾ

ഇടുക്കി രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസ്സംബ്ലി 2023 നവംബർ 26 മുതൽ 28 വരെ അടിമാലി ആത്മജ്യോതിയിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. സിനഡാത്മകതയുടെ വ്യക്തമായ പ്രതിഫലനമായിരുന്ന അസംബ്ലിയിൽ 63 വൈദികരും 25 സമർപ്പിതരും 42 അല്മായ പുരുഷന്മാരും 18 അത്മായ വനിതകളും ഉൾപ്പെടെ 143 പേർ പങ്കെടുത്തു. "കുടുംബങ്ങളിലെ അജപാലന സാക്ഷ്യം, യുവജനപ്രേഷിതത്വം" എന്നീ വിഷയങ്ങളെ സംബന്ധിച്ച് വിഷയ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, അസംബ്ലി അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ക്രിയാത്മകമായ ചർച്ചകൾ നടത്തുകയും പ്രായോഗിക നിർദ്ദേശങ്ങൾ രൂപികരിക്കുകയും ചെയ്തു. ഈ പഠനങ്ങളുടെയും ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ഒരു അജപാലന കർമ്മപദ്ധതിക്ക് രൂപം കൊടുക്കുവാൻ അസംബ്ലി തീരുമാനിക്കുകയും ചെയ്തു. രൂപതയുടെ അജപാലനരംഗത്തെ വിവിധ മേഖലകളായി തിരിച്ച് കർമ്മപദ്ധതി രൂപികരണത്തിനായി പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. ഇവയുടെ വെളിച്ചത്തിൽ അജപാലന കർമ്മപദ്ധതി രൂപീകരിച്ച് പ്രായോഗിക തലത്തിൽ എത്തിക്കുവാൻ ദൈവം നമ്മെ ശക്തരാക്കട്ടെ. അതിനായി രൂപതാകുടുംബം ഒരുമിച്ച് സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

**മാർ ജോൺ നെല്ലിക്കുന്നേൽ**

### <u>പ്രധാന നിർദ്ദേശങ്ങൾ</u>

**വിശ്വാസപരിശീലനം**

- ❖ കുട്ടികൾക്ക് ഗ്രഹിക്കാൻ സാധിക്കുന്ന രീതിയിൽ പാഠപുസ്തകങ്ങൾ ക്രമീകരിക്കുക.
- ❖ കുടുംബബന്ധങ്ങളെക്കുറിച്ച് പഠനഭാഗങ്ങൾ ഉൾപ്പെടുത്തുന്നത് ഉചിതമാണ്.
- ❖ ലൈംഗിക വിദ്യാഭ്യസം, ധാർമ്മികത (Sex Education, Moraltiy) എന്നീ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
- ❖ മതാധ്യാപകരുടെ യോഗ്യത പരിശോധിക്കുക. അധ്യാപകർക്ക് തുടർപരിശീലനം നൽകുക.

- ❖ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മതബോധന പ്രക്രിയയെ വിദ്യാർത്ഥീകേന്ദ്രീകൃതമായി (Student Oriented) മാറ്റുക.
- ❖ മതപഠനം ഒരു ആവശ്യമാണെന്ന ബോധ്യം മാതാപിതാക്കളിൽ ജനിപ്പിക്കുക. രക്ഷിതാക്കളും മതാധ്യാപകരും തമ്മിൽ ഒരു ആത്മ ബന്ധം സ്ഥാപിക്കുക.
- ❖ വൈദികരും സന്ന്യസ്തരും ഭവനസന്ദർശനം കാര്യക്ഷമമാക്കുക.
- ❖ മതാധ്യാപകരുടെ ഉദാരമായ സേവനത്തെ ആദരിക്കുന്നത് നന്നായിരിക്കും.
- ❖ മാധ്യമങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം നമ്മുടെ ഇടവകകളിൽ ഉണ്ടാകണം.

**സാമുദായിക ശക്തീകരണം**

- ❖ രൂപതയുടെ നേതൃത്വത്തിൽ വിവിധ ക്രൈസ്തവ സഭകളുടെ കൂട്ടായ്മ രൂപീകരിക്കണം.
- ❖ സാമൂഹിക - സാംസ്കാരിക കൂട്ടായ്മകൾ രൂപീകരിക്കുക.
- ❖ ഇടുക്കി രൂപത പ്രതികരണവേദി രൂപീകരിക്കണം.
- ❖ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുക.
- ❖ സമുദായാംഗങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം.
- ❖ ഇടവക തലത്തിൽ വികാരിയച്ചനോട് ചേർന്ന് ഒരു Pastoral Co-ordinator ഉണ്ടാകുന്നത് നല്ലതാണ്.
- ❖ ഇടവക തലത്തിൽ പിതൃവേദി ആരംഭിക്കണം.

**കാർഷിക ഭൂ-പ്രശ്നങ്ങൾ**

- ❖ നമ്മുടെ രൂപതാതിർത്തികൾക്കുള്ളിലുള്ള വിവിധ രാഷ്ട്രീയ നേതാക്കളുമായി സംസാരിക്കാൻ ഒരു സംവാദവേദി ഒരുക്കുക.
- ❖ കൃഷിവിളകൾക്ക് താങ്ങുവില നിശ്ചയിക്കാൻ സർക്കാരിനെ സ്വാധീനിക്കാനുള്ള നടപടികൾ ചെയ്യണം.
- ❖ ഇടവകകളിൽ കർഷക സംഘങ്ങൾ രൂപീകരിക്കണം.

- ❖ കാർഷിക വിളകളെ മൂല്യവർദ്ധിത വസ്തുക്കൾ ആക്കി കയറ്റുമതി ചെയ്യാൻ നടപടി ഉണ്ടാകണം.
- ❖ വന്യമൃഗ ശല്യത്തിനെതിരേ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാൻ ഇതരമതസ്ഥരുമായി യോജിച്ചു പ്രവർത്തിക്കുക.

**വിദ്യാഭ്യാസ മേഖല**

- ❖ തൊഴിലധിഷ്ഠിത നൂതന കോഴ്സുകൾ നമ്മുടെ വിദ്യാലയങ്ങളിൽ പ്രോത്സാഹിപ്പിക്കണം.
- ❖ വൊക്കേഷണൽ ആൻഡ് പ്രൊഫഷണൽ കോഴ്സുകൾ നമ്മുടെ സ്ഥാപനങ്ങളിൽ തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
- ❖ നവമാധ്യമങ്ങളിലെ പുതിയ സാധ്യതകൾ മനസ്സിലാക്കി കുട്ടികളെ പരിശീലിപ്പിക്കണം.
- ❖ PSC കോച്ചിംഗ് സൗജന്യമായി നടത്തി ജോലി സാധ്യതകൾ ലഭ്യമാക്കുക.
- ❖ എട്ടാം ക്ലാസ് മുതൽ കുട്ടികൾക്ക് കരിയർ ഗൈഡൻസ് പരിശീലന ക്ലാസുകൾ നൽകണം.

**സാമൂഹിക സമ്പർക്ക മാധ്യമരംഗം**

- ❖ സൈബർ സെല്ലിന്റെ പ്രവർത്തനങ്ങളെ കുറിച്ചും നിയമങ്ങളെക്കുറിച്ചുമുള്ള അവബോധം (awareness) രൂപതാംഗങ്ങൾക്ക് നൽകണം.
- ❖ മാധ്യമങ്ങളിലൂടെ സഭക്കെതിരേ വരുന്ന വാർത്തകൾ തുറന്നുകാട്ടുവാനും അതിനെ പ്രതിരോധിക്കാനുമായി ഒരു Rapid Response Team രൂപതാ തലത്തിൽ രൂപീകരിക്കണം.
- ❖ അത്മായ പ്രതികരണ വേദി ശക്തമാക്കണം.
- ❖ ചാനൽ ചർച്ചകളിൽ സഭയ്ക്ക് വേണ്ടി സംസാരിക്കാൻ പരിശീലനം ലഭിച്ച ഒരു ടീമിനെ രൂപതാതലത്തിൽ രൂപീകരണം.
- ❖ എല്ലാ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലും ഇടപെടൽ നടത്തുവാൻ സാധിക്കുന്ന തരത്തിൽ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപത മീഡിയ കമ്മീഷൻ വിപുലീകരിക്കണം.
- ❖ മാധ്യമ പ്രവർത്തനരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകണം.
- ❖ മാധ്യമ പ്രവർത്തകരായ രൂപതാംഗങ്ങളെ കണ്ടെത്തി ഒരു കൂട്ടായ്മ രൂപീകരിക്കണം.

**ഹൈറേഞ്ചിന്റേ സാമൂഹിക മേഖല**

❖ എല്ലാ ഇടവകകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് കാര്യക്ഷമ മായി പ്രവർത്തിക്കുകയും അതിൽ യുവജനങ്ങളുടെ സാന്നിധ്യം ഉറപ്പാക്കുകയും വേണം.

❖ എല്ലാ ഇടവകകളിലും മെഡിക്കൽ എക്യുപ്മെന്റ് ബാങ്ക് ഉണ്ടാ കണം.

❖ രൂപതാതലത്തിൽ നടത്തിയിരുന്ന ഡയാലിസിസ് പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കണം.

❖ രൂപതാതലത്തിൽ നടത്തുന്ന ബെത്‌ലഹെം കാരിത്താസ് പ്രവർത്ത നങ്ങൾ കാര്യക്ഷമമായി തുടരുക. അതിനായി എല്ലാ ഇടവകക ളിലുംനിന്ന് സംഭാവന സ്വീകരിക്കുന്നതിനായി ബോക്സുകൾ പുനഃസ്ഥാപിക്കുക.

❖ രോഗികൾക്കും കുട്ടിരുപ്പുകാർക്കുമുള്ള താമസ സൗകര്യവും ആ വശ്യമായ മരുന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

**വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം**

❖ ലഹരി വസ്തുക്കളുടെ ഉപയോഗത്തെപ്പറ്റി കുട്ടികളെ ബോധവൽ ക്കരിക്കുക. അതിനായി ഒരു ടീമിനെയും രൂപീകരിക്കുക.

❖ നമ്മുടെ രൂപതയിൽ De-addiction സെന്ററുകൾ, കൗൺസിലിംഗ് സെന്ററുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്ക രണ ക്യാമ്പെയ്നുകൾ നടത്തുക.

❖ ഇടവകയുടെ ഉത്തരവാദിത്വപദവികളിലേക്ക് കൂടുതൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുക.

❖ യുവജനങ്ങളുടെ വിവാഹം നേരത്തെ നടത്തുവാൻ പ്രോത്സാ ഹിപ്പിക്കണം.

**ഇടുക്കിയുടെ സമകാലിക സാഹചര്യങ്ങളിലെ ഇടപെടലുകൾ**

❖ എല്ലാ ഇടവകകളിലും HDS ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി നടപ്പാക്കണം.

❖ ഗവൺമെന്റിന്റെ സ്കീമുകളെ കുറിച്ച് എല്ലാ ഇടവക ജനങ്ങൾക്കും കൃത്യമായി നിർദ്ദേശം കൊടുക്കാനുള്ള നടപടി ഉണ്ടാകണം.

❖ വിദ്യാർത്ഥികൾക്ക് ലഭ്യമാകേണ്ട ന്യൂനപക്ഷ സ്കോളർഷിപ്പുകൾ CARE ന്റെ നേതൃത്വത്തിൽ വിപുലമാക്കണം. (EWS സർട്ടിഫിക്കറ്റ്)

❖ ഇടവക തലത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ഫണ്ട് രൂപീകരിക്കുക.

❖ ജൂബിലിയുടെ സ്മാരകമായി എല്ലാ ഇടവകകളിലും ഒരു വീട് എങ്കിലും നിർമ്മിച്ചു കൊടുക്കുക. അതിനായി ഇടവകയിലെ നിർ മ്മാണപ്രവർത്തകരെയും യുവജനങ്ങളെയും ഉൾപ്പെടുത്തുക.

❖ വീട് മെയിന്റനൻസ് ആവശ്യമുള്ളവർക്ക് അർഹമായ സഹായം ഇടവകയിൽ നിന്ന് കൊടുക്കുക.

❖ ആതുരശുശ്രൂഷക്കുള്ള ഉപവിപിരിവ് പ്രോത്സാഹിപ്പിക്കുക.

❖ പകൽവീടുകളെ പ്രോത്സാഹിപ്പിക്കുക. അതിനായി യുവജന ങ്ങളെയും റിട്ടയേഡ് ഉദ്യോഗസ്ഥരെയും നിയോഗിക്കുക. വയോ ജനങ്ങളെ സ്നേഹിക്കാൻ പരിശീലിപ്പിക്കുക.

## C. 22/24 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ | മാർച്ച് 19 |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | ” |
| റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ | ” |
| റവ. ഫാ. ജോസ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോസഫ് കാവുങ്കൽ | ” |
| റവ. ഫാ. ജോസഫ് കട്ടക്കയം | ” |
| റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ | ” |
| റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ | ” |
| റവ. ഫാ. ജോസഫ് കുമരകത്തുകാലായിൽ | ” |
| റവ. ഫാ. ജോസ് മാറാട്ടിൽ | ” |
| റവ. ഫാ. ജോസ് നരിതൂക്കിൽ | ” |
| റവ. ഫാ. ജോസഫ് പാലത്തിങ്കൽ | ” |
| റവ. ഫാ. ജോസഫ് പാറയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Sr) | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr) | ” |
| റവ. ഫാ. ജോസഫ് പൈമ്പള്ളിൽ | ” |

റവ. ഫാ. ജോസ് പ്ലാച്ചിക്കൽ ”
റവ. ഫാ. ജോസഫ് പൂവത്തിങ്കൽ ”
റവ. ഫാ. ജോസഫ് പുൽപ്പറമ്പിൽ ”
റവ. ഫാ. ജോസഫ് തച്ചുകുന്നേൽ ”
റവ. ഫാ. ജോസഫ് തേനമ്മാക്കൽ ”
റവ. ഫാ. ജോസഫ് വാഴയിൽ ”
റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ ”
റവ. ഫാ. ജോസഫ് മാവേലിക്കുന്നേൽ ”
റവ. ഫാ. ജോസഫ് പൗവ്വത്ത് ”
റവ. ഫാ. ജോസഫ് മേനംമൂട്ടിൽ ”
റവ. ഫാ. ജോസഫ് പൊരിമറ്റത്തിൽ ”
റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ ”
റവ. ഫാ. ജോസഫ് കോയിക്കൽ ”
റവ. ഫാ. ജോസഫ് നടുപ്പടവിൽ ”
റവ. ഫാ. ജോസഫ് തൊട്ടിയിൽ ”
റവ. ഫാ. ജോസഫ് പാലക്കുടിയിൽ ”
റവ. ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ ”
റവ. ഫാ. ജോസഫ് ചുനയംമാക്കൽ ”
റവ. ഫാ. ജോസഫ് അഴിമുഖത്ത് ”
റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ ”
റവ. ഫാ. ജോസഫ് അക്കുറ്റ് ”
റവ. ഫാ. ജോസഫ് വെട്ടിക്കൽ ”
റവ. ഫാ. ജോസഫ് മാതാളിക്കുന്നേൽ ”
റവ. ഫാ. ജോസഫ് വെട്ടുകല്ലേൽ ”
റവ. ഫാ. ജോസഫ് കൊച്ചോഴത്തിൽ ”
റവ. ഫാ. ജോസഫ് കൊള്ളിക്കുളവിൽ ”
റവ. ഫാ. ജോസഫ് കുറ്റിക്കാട്ട് ”
റവ. ഫാ. ജോസഫ് ആയിലുക്കുന്നേൽ ”
റവ. ഫാ. ജോസഫ് വട്ടപ്പാറയിൽ ”
റവ. ഫാ. ജോസഫ് വരകിൽ ”
റവ. ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ ”
റവ. ഫാ. ജോസഫ് ഉദയംപാറയിൽ ”

| | |
|---|---|
| റവ. ഫാ. ജോസഫ് പുളിക്കകുന്നേൽ | ” |
| റവ. ഫാ. ജോസഫ് മേക്കുന്നേൽ | ” |
| റവ. ഫാ. ജോസഫ് താണോലിൽ | ” |
| റവ. ഫാ. ജോസഫ് ഉമ്മിക്കുന്നേൽ | ” |
| റവ. ഫാ. ജോസഫ് ആലുങ്കത്താഴെ | ” |
| റവ. ഫാ. ജോസഫ് കല്ലുങ്കത്താഴെ | ” |
| റവ. ഫാ. ജോസഫ് കൊച്ചുചേന്നാട്ട് | ” |
| റവ. ഫാ. ജോസഫ് വള്ളിയാംതടത്തിൽ | ” |
| റവ. ഫാ. ജോസഫ് കുമ്പളന്താനം | ” |
| റവ. ഫാ. ജോസഫ് പള്ളിവാതുക്കൽ | ” |
| റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ VC | ” |
| റവ. ഫാ. ജോസഫ് കളരിക്കൽ CST | ” |
| | *Bishop* |

## സാന്താ മരിയ സീറോ മലബാർ കാത്തലിക് മിഷൻ, അരുണാചൽ വെസ്റ്റ്

### SA. 03/24 സ്വാഗതം

സാന്താ മരിയ മിഷനിലേക്ക് വന്നിരിക്കുന്ന ബഹുമാനപ്പെട്ട അജിത്ത് കൈത്താരത്ത് അച്ചനേയും, ജോബിൻ പുല്ലാനിതുണ്ടത്തിലച്ചനെയും ഏറെ സ്നേഹത്തോടെ മിഷൻ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നു. അജിത്തച്ചൻ ഇൻഫന്റ് ജീസസ്സ് മിഷൻ സെന്റർ, സിറോയിലും ജോബിനച്ചൻ സാന്തോ മിഷൻ സെന്റർ, സെപ്പായിലും ശുശ്രൂഷ ചെയ്യുന്നതാണ്. ഇരുവർക്കും തങ്ങളുടെ പുതിയ പ്രവർത്തനമേഖലകളിൽ എല്ലാ ആശംസകളും നേരുന്നു.

### SA. 04/24 മിഷൻ സന്ദർശനം

ഷംഷബാദ് രൂപതയുടെ മിഷൻ കോർഡിനേറ്ററായ ബഹുമാനപ്പെട്ട മാത്യു കല്ലിങ്കലച്ചൻ സാന്താ മരിയ മിഷനിലെ എല്ലാ മിഷൻ സെന്ററുകളും സന്ദർശിച്ചു. ഫെബ്രുവരി 13-മുതൽ 16 വരെ നീണ്ട സന്ദർശനത്തിൽ മിഷൻ സെൻറുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഫാ. ജോൺ കല്ലൂരും അച്ചനോടൊപ്പമുണ്ടായിരുന്നു.

## മൈനർ സെമിനാരി

**MS. 10/24** **21.01.2024**

സീറോമലബാർ സഭയുടെ കൂരിയ മെത്രാനായ അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ പിതാവ് സെമിനാരി സന്ദർശിച്ച് വൈദികർക്ക് വളരെ പ്രചോദനാത്മകമായ സന്ദേശം നല്കി ആശീർവദിച്ചു. റെക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേൽ, പിതാവിന് സ്വാഗതവും നാമഹേതുക തിരുനാൾ ആശംസകളും നേർന്നു.

**MS. 11/24** **26.01.2024**

സെമിനാരിയുടെ ആത്മീയ പിതാവായി സ്ഥാനമേറ്റിരിക്കുന്ന ബഹു. ജോർജ്ജ് വലിയവീട്ടിലച്ചന് സ്വാഗതം.

**MS. 12/24** **26.01.2024**

ഭാരതത്തിന്റെ 75-ാമത് റിപ്പബ്ലിക് ദിനത്തിൽ റെക്ടറച്ചൻ പതാക ഉയർത്തുകയും അച്ചൻ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മുൻ MP. ജോയ്സ് ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. മീറ്റിംഗിൽ വൈദിക വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**MS. 13/24 ദൈവവിളി ക്യാമ്പ്**

നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് ഇടുക്കി രൂപത വൈദികരാകാൻ ആഗ്രഹിക്കുന്ന സത് സ്വഭാവികളായ 10th & +2 വിദ്യാർത്ഥികളെ ഏപ്രിൽ 6, 7, 8 തിയതികളിലായി സെമിനാരിയിൽ നടക്കുന്ന ക്യാമ്പിലേക്കും interview-യിലേക്കും പറഞ്ഞക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Rector 9446226080

## 1. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസിനീ സമൂഹം (SD)

❖ അഗതികളുടെ സഹോദരിമാരുടെ സന്ന്യാസ സമൂഹത്തിന്റെ പുതിയ പ്രൊവിൻഷ്യൽ ആയി മദർ കൊച്ചുറാണി നെടുങ്കല്ലേൽ നിയമിതയായി. കൗൺസിലേഴ്സ് ആയി Sr. Filsy, Sr. Mariyatt, Sr. Amenda, Sr. Sumirose, Sr. Josia, ഓഡിറ്റർ ആയിട്ട് Sr. Evilin എന്നിവർ നിയമിതരായി.

❖ ഫെബ്രുവരി 11 രോഗീദിനത്തോടനുബന്ധിച്ച് മുരിക്കാശ്ശേരി പാലിയേറ്റീവ് സെന്ററിൽ വച്ച് നടന്ന വിശുദ്ധ ബലിയിലും രോഗശാന്തി ശുശ്രൂഷയിലും Sr. Alphonse, Sr. Anjana എന്നിവർ പങ്കെടുത്തു.

❖ പതിനേഴാം തീയതി കുയിലിമലയിൽ വച്ച് നടന്ന സ്ഥാപനങ്ങളുടെ മീറ്റിങ്ങിന് Sr .Alphonse പങ്കെടുത്തു

❖ മുരിക്കാശേരിയിൽ വച്ച് നടന്ന ഇടുക്കി രൂപത അധ്യാപക സംഗമത്തിൽ ഇടുക്കി രൂപതയിൽ ജോലി ചെയ്യുന്ന എല്ലാ അധ്യാപിക സഹോദരിമാരും പങ്കെടുത്തു.

❖ സോണൽ തലത്തിൽ എഴുതിയ സമ്പൂർണ്ണ ബൈബിൾ പ്രൊവിൻസ് തലത്തിൽ പ്രകാശനം ചെയ്തു.

## 2. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

❖ ഫെബ്രുവരി 3-ാം തീയതി രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഇടുക്കി നവജ്യോതി പ്രോവിൻസിന്റെ ഇരുപത്തി ഒന്നാമത് പ്രോവിൻസ് ഡേ ആഘോഷിച്ചു. മുല്ലക്കാനം സാൻജോ കോളേജ് പ്രിൻസിപ്പാൾ റവ. ഫാ. ജിജോ ഇണ്ടിപ്പറമ്പിൽ സി.എസ്.റ്റി. വി. കൂർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പ്രോവിൻസ് ഡേയോടനുബന്ധിച്ച് വിവിധ കലാപരിപാടികളും സ്നേഹവിരുന്നും നടത്തപ്പെട്ടു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നവജ്യോതി ഗിഫ്റ്റഡ് ഫാമിലി പ്രോഗ്രാമിലെ

കുട്ടികളുടെ പേരന്റസ് മീറ്റിംഗ് മൂന്ന് സോണുകളിലായി നടത്തപ്പെട്ടു. കൂടുതൽ മക്കളുള്ള സാമ്പത്തിക ബുദ്ധിമുട്ടുള്ള 40 കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ ചേർത്തിരിക്കുന്നത്. ഐശ്വര്യ നിക്ഷേപ പദ്ധതിയിൽ 40 കുട്ടികളെയും അംഗങ്ങൾ ആക്കി 5000 രൂപാ വീതം എഫ് ഡി ആയി ബാങ്കിൽ നിക്ഷേപിച്ചു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കാർഷികവിള വർദ്ധനവിന് ഏറെ സഹായകമാവുന്ന തേനീച്ച കൃഷി പരിശീലനം വെൺമണി, നാരകക്കാനം എന്നീ ഇടവകകളിൽ സംഘടിപ്പിക്കുകയും നാഷണൽ എൻ ജി ഒ കോൺഫെഡറേഷന്റെ സഹായത്തോടെ 200 തേനീച്ചപ്പെട്ടികൾ 50% സബ്സീഡിയായി വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ വട്ടവട സ്വാമിയാറളൻ ആദിവാസി കുടിയിലെ കർഷകരെ എങ്ങനെ ശാസ്ത്രീയമായി തേനീച്ച കൃഷി നടത്താം എന്നതിന്റെ പരിശീലനവും മഞ്ഞപ്പാറ ഇടവകയിൽ 20 വനിതകൾക്ക് കൂൺ കൃഷി പരിശീലനവും നല്കി.

❖ ഫെബ്രുവരി 18-ാം തീയതി മഞ്ഞപ്പാറ ക്രിസ്തുരാജ് പള്ളിയിൽ വച്ച് മഞ്ഞപ്പാറ പള്ളിയും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയും സംയുക്തമായി ചേർന്ന് അന്യസംസ്ഥാന തൊഴിലാളികളുടെ സംഗമവും പ്രാർത്ഥനാ കൂട്ടായ്മയും നടത്തി. റവ.ഫാ.ജോർജ്ജ് മേച്ചേരിൽ എം.എസ്.റ്റി. ക്ലാസ്സുകൾക്കും പ്രാർത്ഥനയ്ക്കും നേതൃത്വം നല്കി.

❖ ഇടുക്കി രൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ഈ വർഷത്തെ ഹൈസ്കൂൾ വിഭാഗം മികച്ച അദ്ധ്യാപിക അവാർഡിന് സി മേരി കൂനമ്മാക്കൽ എസ് എച്ച് അർഹയായി.

❖ ജനുവരി 22 മുതൽ 24 വരെ ഇടപ്പാടി പ്രാർത്ഥനാ ഭവനത്തിൽ ഒരു വർഷ പ്രാർത്ഥനയിലായിരിക്കുന്ന സിസ്റ്റേഴ്സിന് ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു. ഫെബ്രുവരി 15 മുതൽ 29 വരെ ഇടപ്പാടി പ്രാർത്ഥനാ ഭവനത്തിൽ വച്ചു നടന്ന ജാഗരണ പ്രാർത്ഥനയിൽ നവജ്യോതി പ്രോവിൻസിലെ വിവിധ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു.

## 4. കർമ്മല മാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

- ❖ CMI കാർമ്മൽ പ്രോവിൻസും CMC കാർമ്മൽഗിരി പ്രോവിൻസും സംയുക്തമായി നടത്തിയ ഓൾ കേരള ചാവറ ഓൺലൈൻ പ്രസംഗ മത്സരത്തിൽ വിജയികളായവർക്ക് മാന്നാനം ചാവറ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് സമ്മാനങ്ങൾ നൽകി ആദരിച്ചു. ഒന്നു മുതൽ പത്ത് വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ 4 കാറ്റഗറികളായി തിരിച്ച് ഒരു നല്ല അപ്പന്റെ ചാവരുളിനെ അടിസ്ഥാനപ്പെടുത്തി നടത്തിയ പ്രസംഗ മത്സരത്തിൽ 1000 ഓളം പേർ പങ്കെടുത്തു. അദ്ധ്യപകർക്കും മത്സരം നടന്നു. ആദ്യത്തെ 3 സ്ഥാനങ്ങൾ നേടിയവർക്ക് 10000, 7000, 5000, എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫിയും നൽകി. 4 മുതൽ 10 വരെ സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും പുസ്തകങ്ങളും പങ്കെടുത്ത മുഴുവൻ പേർക്കും ചാവറ ബാഡ്ജും നൽകുകയുണ്ടായി.
- ❖ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ നൂമാൻ LPS ഇടുക്കി, സെന്റ് ജോസഫ്സ് UPS കൊച്ചുതോവാള എന്നീ സ്കൂളുകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. കുട്ടികളും അദ്ധ്യാപകരും നല്ല നിഷ്ഠയോടെ പങ്കെടുത്ത് ധ്യാനം വിജയിപ്പിക്കുകയും ചെയ്തു.
- ❖ അടിമാലി ബ്ലോക്ക് 5 പഞ്ചായത്തുകളിൽ നിന്നുമുള്ള ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി ഭിന്നശേഷി കലോത്സവം കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തി. ഇതിൽ കലാകായിക മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വച്ച കാർമൽ ജ്യോതിയിലെ കുട്ടികൾ കൂടുതൽ സമ്മാനങ്ങൾ കരസ്ഥമാക്കി.
- ❖ സി. സീജാ മരിയ ജോസ്ഗിരി ഇടവകയിലെ മാതൃവേദി അമ്മമാർക്കും കൂമ്പൻപാറ ഇടവകയിലെ മിഷൻ ലീഗ് കുട്ടികൾക്കും ക്ലാസ്സ് നയിച്ചു. വെള്ളയാംകുടി ഇടവകയിൽ നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്കും വചന പ്രഘോഷണത്തിനും സി. സീജാ മരിയ നേതൃത്വം നൽകി.
- ❖ സമന്വയ ചാരിറ്റബിൾ സൊസൈറ്റിയുടെയും, മാതൃവേദിയുടെയും നേതൃത്വത്തിൽ ആയിരം ഏക്കർ സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് സൗജന്യ ചികിത്സാ ക്യാമ്പ് ജനുവരി 14 ന് നടത്തുകയുണ്ടായി.
- ❖ സി. ലിൻസ് റാണി 2024 ഫെബ്രുവരി 4 ന് ആയിരമേക്കർ സെന്റ് തോമസ് ഓർത്തഡോക്സ് പളളിയിൽ ഭക്തസംഘടനകളുടെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സ് എടുത്തു.

## 5. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

- ❖ ഇടുക്കി രൂപത ഗുഡ് സമരിറ്റൻ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് നിർമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, റവ. ഫാ. ജോൺസൺ ചെറുകുന്നേൽ എന്നിവർ ഈ മീറ്റിങ്ങിന് നേതൃത്വം നൽകി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, സി. റോസിൻ ജോസ് എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുത്തു.
- ❖ മുരിക്കാശ്ശേരി ഇടവകയിൽ CML കുട്ടികളുടെ നേതൃത്വത്തിൽ നടത്തിയ സമർപ്പിത ദിനാചരണ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയോടൊപ്പം സമൂഹാഗംങ്ങൾ എല്ലാവരും പങ്കെടുത്തു.
- ❖ കല്ലാറുകുട്ടി ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് ''ബെറ്റർ പേരന്റിംഗ്'' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ഡെൽമിയ ക്ലാസ് എടുത്തു.
- ❖ വെള്ളയാംകുടി അസ്സിസി സ്പെഷ്യൽ സ്കൂളിന്റെ വാർഷിക ദിനാഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ അധ്യക്ഷത വഹിച്ചു. കൗൺസിലേഴ്സും ഏതാനും സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂൾ കുട്ടികൾക്ക് ''സൈക്കോ സോഷ്യൽ ഗ്രോത്ത് & ഡെവലപ്മെന്റ്'' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജൂലി ക്ലാസ് എടുത്തു.
- ❖ മുരിക്കാശ്ശേരി ഇടവകയുടെ ആഭിമുഖ്യത്തിൽ അൽഫോൻസാ പാലിയേറ്റീവ് കെയർ സെന്ററിൽ വച്ച് നടത്തിയ രോഗീദിനാചരണ പരിപാടികളിൽ ക്രൗൺ സുപ്പീരിയർ സി. സുഗുണയും സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ ഇടുക്കി രൂപത ഗുഡ് സമരിറ്റൻ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാറത്തോട്ടിൽ വച്ച് നടത്തിയ രോഗീദിനാചരണ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ ആശംസകളർപ്പിച്ച് സംസാരിച്ചു. സി. റോസിൻ ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു.
- ❖ തങ്കമണി ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് ''മാതൃത്വവും

മാറുന്ന സംസ്കാരവും” എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജൂലി ക്ലാസ് എടുത്തു.

- ❖ അന്യസംസ്ഥാന തൊഴിലാളികളുടെ സംഗമം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. റവ. ഫാ. അഗസ്റ്റിൻ OFM Cap അർപ്പിച്ച ഹിന്ദി കുർബാനയിൽ എല്ലാവരും പങ്കെടുത്തു.

# ക്രിസ്തുജ്യോതി

## CJ. 09/24 സുവിശേഷോത്സവം-2024: ടീച്ചേഴ്സ് ട്രെയിനിംഗ്

ഈ വർഷത്തെ സുവിശേഷോത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന മതാധ്യാപകരുടെ പരിശീലന ട്രെയിനിംഗ് 2024 മാർച്ച് 2, 8, 9, 16 എന്നീ തിയതികളിലായി സംഘടിപ്പിക്കുന്നതാണ്. രാവിലെ 9 മണിക്ക് വി. കുർബാനയോടെ ട്രെയിനിംഗ് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് ട്രെയിനിംഗ് സമാപിക്കുന്നതുമാണ്. രജിസ്ട്രഷൻ ഫീസ് 100/- രൂപ വീതം ആയിരിക്കും.

| തീയതി | ട്രെയിനിംഗ് സെന്ററുകൾ |
|---|---|
| മാർച്ച് 2 ശനി | നെടുംങ്കണ്ടം കരുണ ആനിമേഷൻ സെന്റർ |
| മാർച്ച് 8 വെള്ളി | ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ചർച്ച് |
| മാർച്ച് 9 ശനി | വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തീഡ്രൽ |
| മാർച്ച് 16 ശനി | അടിമാലി |

മുഴുവൻ മതാധ്യാപകരും തങ്ങൾക്ക് സൗകര്യപ്രദമായ ഏതെങ്കിലും കേന്ദ്രത്തിൽ പോയി സുവിശേഷോൽത്സവ പരിശീലന ട്രെയിനിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും വരുന്ന അധ്യാപകർ ഏതു കേന്ദ്രത്തിലാണു ട്രെയിനിംഗിൽ പങ്കെടുക്കുന്നത് എന്നുള്ളത് രൂപതയിൽ നിന്നും തരുന്ന ഗൂഗിൾ ഫോം വഴി നേരത്തെ തന്നെ അറിയിക്കേണ്ടതാണ്.

## CJ. 10/24 മതാധ്യാപക ക്വിസ്

നമ്മുടെ രൂപതയിലെ എല്ലാ മതാധ്യാപകർക്കും വേണ്ടിയുള്ള ക്വിസ് മത്സരം 2024 മാർച്ച് 17-ാം തീയതി നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് ജനുവരി മാസത്തിലെ ‘‘സഹ്യനാദം’’ വായിക്കുക.

## CJ. 11/24 എഴുകുംവയൽ തീർത്ഥാടനം

വലിയ നോമ്പിലെ 40-ാം വെള്ളിയാഴ്ച മാർച്ച് 22-ാം തീയതി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനോടൊപ്പം കുരിശിന്റ വഴിയിൽ പങ്കു ചേർന്ന് എഴുകുംവയൽ കുരിശുമലയിലേക്ക് മതാധ്യാപകരും കുട്ടികളും തീർത്ഥയാത്ര നടത്തുന്നത് ഉചിതമായിരിക്കും.

## CJ. 12/24 ഉയിർപ്പു തിരുനാൾ മംഗളങ്ങൾ

നമുക്കു വേണ്ടി പാപപരിഹാരബലിയായ് തീർന്ന മിശിഹാ കർത്താവിന്റ ഉയിർപ്പുതിരുനാൾ മംഗളങ്ങൾ ക്രിസ്തുജ്യോതി കുടുംബത്തിലെ എല്ലാവർക്കും ആശംസിക്കുന്നു.

## CJ. 13/24 സുവിശേഷോൽത്സവം 2024

2024 ഏപ്രിൽ 2, 3, 4 തീയതികളിലായി കുട്ടികളുടെ സുവിശേഷോൽത്സവം സംഘടിപ്പിക്കുന്നു.

## CJ. 14/24 വാർഷിക പരീക്ഷ

1 മുതൽ 9 വരെയും XI-ാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ വാർഷിക പരീക്ഷ 2024 ഏപ്രിൽ 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 11 വരെയുള്ള സമയങ്ങളിലും X, XII ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ അന്നേ ദിവസം രാവിലെ 11.30 മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെയുള്ള സമയങ്ങളിലുമായി നടത്തുവാൻ ശ്രദ്ധിക്കണം. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്തുവാൻ പാടുള്ളതല്ല. വിശദ വിവരങ്ങൾക്ക് ഫെബ്രുവരി മാസത്തിലെ ''സഹ്യനാദം'' വായിക്കുക.

## CJ. 15/24 ദൈവവിളി സംഗമം

X, XII ക്ലാസ്സുകളിൽ പഠിക്കുന്ന വൈദിക-സന്യാസ ദൈവവിളികൾ സ്വീകരിക്കാനാഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഒരു ദൈവവിളി സംഗമം രൂപതാ തലത്തിൽ നടത്തുന്നു. കരിമ്പൻ പള്ളിയിൽ വച്ച് ഏപ്രിൽ മാസം 6-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 2.30 വരെയാണ് ദൈവവിളി സംഗമം നടത്തുന്നത്. കുട്ടികളിൽ ദൈവവിളിയോടുള്ള ആഭിമുഖ്യം വളർത്തുക, വിവിധ സന്യാസ സഭകളുടെ കാരിസം പരിചയപ്പെടുത്തുക

തുടങ്ങിയവയാണു ലക്ഷ്യങ്ങൾ. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## CJ. 16/24 സ്കോളർഷിപ്പ് പരീക്ഷ

2024 ഏപ്രിൽ മാസം 9-ാം തീയതി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ 4 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ 3 കുട്ടികളെ വീതമാണ് ഓരോ ഇടവകയിൽ നിന്നും സംഘടിപ്പിക്കേണ്ടത്. അതാതു ഫൊറോന കേന്ദ്രങ്ങളിൽ വച്ചായിരിക്കും മത്സര പരീക്ഷ നടത്തുക. വിശദ വിവരങ്ങൾക്ക് ജനുവരി മാസത്തിലെ ''സഹ്യനാദം'' വായിക്കുക.

## CORPORATE EDUCATIONAL AGENCY

## Edn. 10/24 അധ്യാപക - അനധ്യാപക അവാർഡുകൾ

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ 2023-24 അധ്യായന വർഷത്തെ അധ്യാപക - അനധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു. ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗത്തിൽനിന്നും മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രൻസിപ്പാൾ ശ്രീ. ജോസഫ് മാത്യുവും ഹൈസ്കൂൾ വിഭാഗത്തിൽനിന്നും പൊൻമുടി സെന്റ് മേരീസ് ഹൈസ്കൂൾ അധ്യാപിക സി. ലിസ്സി കെ.എസ്സും യൂ.പി. സ്കൂൾ വിഭാഗത്തിൽ നിന്നും ജോസ്ഗിരി സെന്റ് ജോസഫ്സ് യൂ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസ് ജോസഫും എൽ.പി. സ്കൂൾ വിഭാഗത്തിൽ നിന്നും മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ബീന പി.വി.യും അനധ്യാപകരുടെ വിഭാഗത്തിൽനിന്നും വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റ് ശ്രീ. ജോർജ് കെ.സി.യും തിരഞ്ഞെടുക്കപ്പെട്ടു. അവാർഡുകൾ ഫെബ്രുവരി 10-ാം തിയതി മുരിക്കാശേരി പാവനാത്മ കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടത്തിയ സമ്മേളനത്തിൽ ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വിതരണം ചെയ്തു. അവാർഡ് ജേതാക്കൾക്ക് രുപതാ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

## Edn. 11/24 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമ്മോറിയൽ അവാർഡ്

ഇടുക്കി രൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ഏർപ്പെടുത്തിയ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമ്മോറിയൽ അവാർഡ് വിതരണം ചെയ്തു. കാർഷിക മേഖലയിലെ മികവിനുള്ള പുരസ്കാരം ഇരട്ടയാർ സ്വദേശി ശ്രീ. ദാസ് മാത്യുവിനും വിദ്യാഭ്യാസ രംഗത്തെ മികവിനുള്ള പുരസ്കാരം കട്ടപ്പന ഇമിഗ്രന്റ് അക്കാദമി ഡയറക്ടർ ശ്രീ. സിനു മുകുന്ദനും ആതുര ശുശ്രൂഷയ്ക്കുള്ള പുരസ്കാരം ആരാധന സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഷന്താൾ പെയിൻ ആൻഡ് പാലിയേറ്റീവ് ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന സി. ലീന ചിറയ്ക്കലിനും ലഭിച്ചു. അവാർഡുകൾ ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വിതരണം ചെയ്തു. അവാർഡ് ജേതാക്കൾക്ക് രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

## Edn. 12/24 അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും

ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്ന അധ്യാപക-അനധ്യാപകർക്കുള്ള യാത്രയയപ്പും അധ്യയന വർഷത്തെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വിദ്യാലയങ്ങൾക്കും വിദ്യാർഥികൾക്കുമുള്ള അവാർഡുകളുടെ വിതരണവും മാർച്ച് മാസം 18-ാം തീയതി (തിങ്കളാഴ്ച) ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇരട്ടയാർ സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. ഈ സമ്മേളനത്തിൽ ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് അവാർഡുകൾ വിതരണം ചെയ്യുന്നതാണ്.

# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

## PCM. 14/24 25/01/24 വിദ്യാർത്ഥി പ്രതിഭ പുരസ്കാരം

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരമായ ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും പാവനാത്മാ കോളേജ് വിദ്യാർത്ഥികളായ അലീന ആന്റണി, മരിയ ബിജു, അൻസു മോൾ ജോയി,

അയോണ ടോമി, ദീപ്തി ട്രീസ മാനുവേൽ, ഹർഷ തോമസ് എന്നിവർക്ക് ലഭിച്ചു.

**PCM. 15/24 30/01/24 to 31/01/24 ശില്പ ശാല സംഘടിപ്പിച്ചു**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ മലയാളം വിഭാഗത്തിന്റെ നേതൃത്വത്തിൽ folklorum folklor പഠനവും ഇന്നലെ, ഇന്ന്, നാളെ എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടു ദിവസത്തെ ശില്പശാല സംഘടിപ്പിച്ചു.

**PCM. 16/24 11/02/24 Collage Making Competition**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ Equal Opportunity സെൽ - ന്റെ ആഭിമുഖ്യത്തിൽ International Day of Women and Girls in Science ന്റെ ഭാഗമായി Collage Making Cometition സംഘടിപ്പിച്ചു.

**PCM. 17/24 14/02/24 to 15/02/24 Streamline Science for Young Minds**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരി ഫിസിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളിൽ കുട്ടികൾക്കായി സയൻസ് പ്രോഗ്രാം സംഘടിപ്പിച്ചു.

**PCM. 18/24 15/02/24 One Day സെമിനാർ**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ അധ്യാപകർക്കായി one day NAAC ബോധവത്കരണ സെമിനാർ നടത്തി.

**PCM. 19/24 15/02/24 Orientation Programme**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയും കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ സിവിൽ സർവീസ്, UPSC എക്സാം എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി Orientation Programme നടത്തി.

**PCM. 20/24 16/02/24**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരി പ്രിൻസിപ്പൽ Rev. Fr. Dr. Bennichan Scaria, ഫിസിക്സ് വിഭാഗം മേധാവി Dr. Saji Joseph എന്നിവർക്ക് പ്രൊഫസർ ആയി സ്ഥാനക്കയറ്റം ലഭിച്ചു.

## MSC. 12/24 ഇൻഡസ്ട്രിയൽ വിസിറ്റ്

ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് ബിരുദ വിദ്യാർഥികൾക്കായി തിരുവനന്തപുരം ഫാമിലി പ്ലാസ്റ്റിക്കിലേക്ക് 2024 ജനുവരി 19-ന് ഇൻഡസ്ട്രിയൽ വിസിറ്റ് നടത്തി.

## MSC. 13/24 വർക്ക്ഷോപ്പ്

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഫസ്റ്റ് ഇയർ സോഷ്യൽ വർക്ക് വിദ്യാർഥികൾക്കായി 'റിസൾട്ട് ബേസ്ഡ് മാനേജ്മെന്റ് ലെഡ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ്' എന്ന വിഷയത്തിൽ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ വർക്ക്ഷോപ്പ് നടത്തപ്പെട്ടു. ഫ്രീലാൻസ് ട്രെയിനറും സോഷ്യൽ വർക്കറും ആയ ശ്രീ. ഖിലേഷ് ചതുർവേദി നയിച്ച ക്ലാസിൽ 18 വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

## MSC. 14/24 തിര 2024 ആർട്സ് ഡേ - തിരി തെളിഞ്ഞു.

മാർ സ്ലീവാ കോളേജ് ഓഫ് ആട്സ് ആൻഡ് സയൻസിലെ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന തിര 2024 ആർട്സ് ഡേ തിരി തെളിഞ്ഞു. കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. മോളി SABS, കോളേജ് ബർസാർ റവ. ഫാ. ജയിംസ് പാലക്കാമറ്റം, സ്റ്റാഫ് കോർഡിനേറ്റർ അമലു ജോർജ്, മെർലിൻ മരിയ ജോർജ്, ആർട്സ് ക്ലബ് സെക്രട്ടറി ജ്യോതിർനാഥ് അനിൽ യൂണിയൻ ചെയർമാൻ അബയ് ആന്റണി എന്നിവർ തിരി തെളിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. 30 ൽ പരം ഇനങ്ങളിലായി നൂറിൽ അധികം വിദ്യാർത്ഥികളാണ് മത്സരിച്ചത്. ഓവറോൾ ചാമ്പ്യൻഷിപ്പ് ബികോം ടാക്സേഷൻ ആൻഡ് ലോജിസ്റ്റിക്സ് വിഭാഗം നേടി. ഫസ്റ്റ് റണ്ണേഴ്സ് അപ് ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വർക്കും സെക്കണ്ട് റണ്ണേഴ്സ് അപ് ബികോം കോ-ഓപറേഷൻ ആൻഡ് ബികോം കമ്പ്യൂട്ടർ വിഭാഗവും നേടി.

## MSC. 15/24 ബിരുദദാന ചടങ്ങ്

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിൽ 19/02/2024 തിങ്കളാഴ്ച രാവിലെ 10.30 ന് 2021-2023 അധ്യയന വർഷത്തെ സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നടത്തപ്പെട്ടു. ഇടുക്കി രൂപതാ വികാരി ജനറാളും, കോളേജ് മാനേജറുമായ വെരി. റവ. മോൺ. ജോസ് കരിവേലിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം, ഇടുക്കി രൂപതാ മെത്രാനും കോളേജ് രക്ഷാധികാരിയുമായ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപതാ വിദ്യാഭ്യാസ സെക്രട്ടറി വെരി. റവ. ഡോ. ജോർജ്ജ് തകിടിയേൽ മുഖ്യ സന്ദേശവും, കോളേജ് പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. മോളി എം.എ. യോഗത്തിന് സ്വാഗതവും, കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലക്കാമറ്റം, വിദ്യാർത്ഥികൾക്കായുള്ള പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും, വൈസ് പ്രിൻസിപ്പൽ ശ്രീ. ആനന്ദ് ജോസഫ്, സോഷ്യൽ വർക്ക് വിഭാഗം അധ്യാപകൻ ശ്രീ. സെബാസ്റ്റ്യൻ മാത്യു, പ്രോഗ്രാം കോർഡിനേറ്റർ സി. ആൽബി എസ് എച്ച് എന്നിവർ ആശംസകൾ നേരുകയും, സോഷ്യൽ വർക്ക് വിഭാഗം മേധാവി, റവ. ഫാ. ജോസി പുതുപ്പറമ്പിൽ യോഗത്തിന് കൃതഞ്ജത രേഖപ്പെടുത്തുകയും ചെയ്തു.

# സോഷ്യൽ സർവ്വീസ്

## SS 11/24 സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം - സെമിനാർ

യു.എൻ. വുമൺ, ബിന്ദ്രി ഇന്റർനാഷണൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകളുടെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ നടത്തുന്ന സെമിനാറുകളുടെ തുടർച്ചയായി പഴയരികണ്ടം, കഞ്ഞിക്കുഴി, തട്ടേക്കണ്ണി, ജോസ്പുരം, ചുരുളി, രാജീവ്നഗർ, ബാബുനഗർ, മേലാടി, നാഗർപള്ളം, അനൈക്കൽപ്പെട്ടി, നാച്ചിവയൽ, പുളികരവയൽ, പള്ളനാട്, കരിമുട്ടി, വെള്ളക്കൽകുടി, പുറവയൽ, പുതുക്കുടി, ഉപ്പുതോട്, ചെറുതോണി

എന്നിവിടങ്ങളിൽ സെമിനാറുകൾ നടത്തി. സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, പ്രോജക്ട് കോർഡിനേറ്ററായ ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീമതി. കുഞ്ഞമ്മ തോമസ്, ശ്രീമതി ആഗ്നസ് മാത്യു എന്നിവർ സെമിനാറുകൾക്ക് നേതൃത്വം നല്കി.

## SS 12/24 ലോക രോഗീദിനാചരണം

ലോക രോഗീദിനാചരണത്തിന്റെ ഭാഗമായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർദ്ദനരായ രോഗികൾക്കായി വീൽചെയറുകൾ വിതരണം ചെയ്തു.ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ വിതരണോദ്ഘാടനം നിർവ്വഹിച്ചു. രോഗീപരിപാലനം ഈ കാലഘട്ടത്തിൽ ഏറ്റവും വലിയ ജീവകാരുണ്യ പ്രവൃത്തിയാണെന്ന് അദ്ദേഹം തന്റെ പ്രഭാഷണ ത്തിൽ പറഞ്ഞു. വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ, സൊ സൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മാത്യു തടത്തിൽ എന്നി വർ സംസാരിച്ചു. സൊസൈറ്റി സ്റ്റാഫ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

## SS 13/24 ഡ്രൈ ഫ്രൂട്ട്സ് ആൻഡ് ഡ്രൈ വെജിറ്റബിൾസ് പ്രൊഡക്ഷൻ പരിശീലന പരിപാടി

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ ഡ്രൈ ഫ്രൂട്ട്സ് ആൻഡ് ഡ്രൈ വെജിറ്റബിൾസ് പ്രൊഡക്ഷൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. കഞ്ഞിക്കുഴി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്ന പരിപാടി കഞ്ഞിക്കുഴി എസ്.എച്ച്.ജി ഫെഡറേഷൻ രക്ഷാധികാരി റവ. ഫാ. മാത്യു വളവ നാൽ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതികുഞ്ഞമ്മ തോമസ് അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ പ്രോജക്ട് കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനത്ത് വിഷയാവ തരണം നടത്തി. 15 ദിവസം നീണ്ടു നിന്ന പരിശീലന പരിപാടിയിൽ തിയറി ക്ലാസ്സുകളും, പ്രാക്ടിക്കൽ ക്ലാസ്സുകളും പഠന യാത്രകളും ഒരുക്കിയിരുന്നു.

## SS 14/24 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**ഇരട്ടയാർ**

ഇരട്ടയാർ യൂണിറ്റിന്റെ വാർഷികാഘോഷം 26/01/2024 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധി

കാരി മോൺ. ജോസ് കരിവേലിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. റെജി ശൗര്യാംകുഴിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്ത വാർഷിക ആഘോഷ പരിപാടിയിൽ ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി ശ്രീ. ബിജു പോൾ റിപ്പോർട്ട് അവതരിപ്പിച്ചു. സൊസൈറ്റി പ്രോജക്ട് കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനത്ത്, ആനിമേറ്റർ ശ്രീമതി ആഗ്നസ് മാത്യു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നൂറോളം എസ്.എച്ച്.ജി അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

**തട്ടേക്കണ്ണി**

തട്ടേക്കണ്ണി യൂണിറ്റിന്റെ വാർഷികാഘോഷം 04/02/2024 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. മൈക്കിൾ മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സോളി തോമസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്ത വാർഷിക ആഘോഷ പരിപാടിയിൽ ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി ശ്രീമതി അന്നമ്മ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. സ്ത്രീ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നീ വിഷയത്തെ ആസ്പദമാക്കി പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിജോ ഇളംതുരുത്തിയിൽ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടന്നു. സ്നേഹവിരുന്നോടുകൂടി വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

## SS 15/24 സ്റ്റേക് ഹോൾഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരിക എന്ന വിഷയത്തെ ആസ്പദമാക്കി നടന്നുവരുന്ന ക്യാമ്പയിന്റെ ഭാഗമായി ചുരുളി സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് സ്റ്റേക് ഹോൾഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേ

ക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് പദ്ധതി വിശദീകരണം നടത്തി. ചുരുളി യൂണിറ്റ് രക്ഷാധികാരി ഫാ. ജോസ് ചിറ്റടിയിൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. എസ്.എച്ച്.ജി. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതികുഞ്ഞമ്മ തോമസ് യോഗത്തിന് ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് സ്ത്രീ സുരക്ഷയെക്കുറിച്ച് വുമൺ കൗൺസിൽ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീമതി റോസക്കുട്ടി എബ്രാഹവും, മെന്റൽ ഹെൽത്തിനെക്കുറിച്ച് കൗൺസിലർ ശ്രീമതി സാനി ജിജോയും ക്ലാസ്സുകൾ എടുത്തു. യൂണിറ്റ് സെക്രട്ടറി ശ്രീമതി ഷീബ ജെയിംസ് എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ പരിപാടികൾ അവസാനിച്ചു. സൊസൈറ്റി പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീ. എബിൻ കുറുന്താനത്ത്, ആനിമേറ്റർ ശ്രീമതി ആഗ്നസ് മാത്യു, വിവിധ കോളേജുകളിൽ നിന്ന് വന്ന സോഷ്യൽ വർക്ക് ട്രെയിനിമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## SS 16/24 NGO മീറ്റ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നബാർഡിന്റെ സഹായത്തോടെ എൻ.ജി.ഒ. മീറ്റ് നടന്നു. ഇടുക്കി ജില്ലയിലെ 36 എൻ.ജി.ഒ. കളെ ഉൾപ്പെടുത്തിക്കൊണ്ട് 19/02/2024 തിങ്കളാഴ്ച രാവിലെ 10.30 ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് “NGO Meet Idukki 2K24” എന്ന പേരിലാണ് പ്രോഗ്രാം നടന്നത്. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പ്രസിഡന്റും രൂപതാ വികാരി ജനറാളുമായ മോൺ. ജോസ് പ്ലാച്ചിക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിൽ സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ എല്ലാവർക്കും സ്വാഗതമാശംസിക്കുകയും ഇടുക്കി എ.ഡി.എമ്മും IAG ചെയർമാനുമായ ശ്രീ. അനി. പി.എൻ. മീറ്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. നബാർഡിന്റെ പ്രധാന പദ്ധതിയായ Social Stock Exchange Schemes നെക്കുറിച്ചും മറ്റ് പ്രോജക്ടുകളെക്കുറിച്ചും, ജില്ലാ വ്യവസായ വകുപ്പിൽ നിന്ന് ലഭിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അതാത് വകുപ്പുകളിൽ നിന്നെത്തിയ വിദഗ്ദർ വിശദീകരിച്ചു. 36 എൻ.ജി.ഒ. യിൽ നിന്നായി 60 പേർ പരിപാടിയിൽ പങ്കെടുത്തു.

**KCSL 06/24 KCSL സംസ്ഥാന കലോത്സവം 2024**

പങ്കെടുത്ത് വിജയികളായ കുട്ടികളുടെയും സ്കൂളുകളുടെയും പേരു വിവരങ്ങളും, ലഭിച്ച സ്ഥാനങ്ങളും.

**സംസ്ഥാന കലാമത്സര വിജയികൾ**

**വ്യക്തിഗത ഇനങ്ങൾ**

1. ഭക്തിഗാനം – **Boys**

**UP -** Sam Saju - B Grade, SSUPS Nedumkandam
**HS -** Deon Binoy - A Grade, SMHSS Murickassery
**HSS -** Alan Abraham -Third A Grade, SGHSS Vazhathope

2. ഭക്തിഗാനം – **Girls**

**UP -** Salmiya Sarvy - B Grade, SJUPS Vellayamkudy
**HS -** Alphonsa K. Antony - First A Grade, STHS Erattayar
**HSS -** Beol V. Joji - Second A Grade, SMHSS Murickassery

3. പ്രസംഗം മലയാളം

**UP -** Alatt Joshy - A Grade, SGUPS Venmony
**HS -** Alphonsa Aji - A Grade, VMHS Vimalagiri
**HSS -** Avila Siby - A Grade, Christu Jyothi Rajakkad

4. പ്രസംഗം ഇംഗ്ലീഷ്

**UP -** Alviya Treesa Bijesh - A Grade, SMHS Vazhavara
**HS -** Femi Maria Praveen - AGrade, Christu Jyothy Rajakkad
**HSS -** Shreddha Sunny - Second A Grade, SJHSS Vellayamkudy

5. പുത്തൻ പാന

**UP -** Ameya Binoy - A Grade, FMGHSS Koompanpara
**HS -** Anjala Salju - A Grade, SMHSS Mariyapuram
**HSS -** Beol V Joji - Second A Grade, SMHSS Murickassery

6. കഥാപ്രസംഗം

**UP -** Anitta Joby - A Grade, SGUPS Venmony
**HS -** Treesa Mathew - Second A Grade, SMHS Mankulam
**HSS -** Anannya Shaji - Second A Grade, STHSS Erattayar

7. മോണോ ആക്ട്

**UP -** Alsa Maria George - A Grade, SJUPS Vellayamkudy
**HS -** Edreena Rose James - A Grade, STHS Punnayar
**HSS -** Nissa Maryam Sajan - A Grade, FMGHSS Koompanpara

<u>ഗ്രൂപ്പ് ഇനങ്ങൾ</u>

8. മാർഗംകളി

**UP -** Second A Grade, Christu Jyothy Rajakkad
**HS -** Third A Grade, Vijayamatha Thookkupalam
**HSS -** Third A Grade, FMGHSS Koompanpara

9. പരിചമുട്ട്

**UP -** First A Grade, STHSS Erattayar
**HS -** First A Grade, STHSS Erattayar
**HSS -** Third A Grade, SMHSS Murickassery

10. ചവിട്ടുനാടകം

**UP -** A Grade, CRUPS Manjappara
**HS -** Third A Grade, STHSS Erattayar
**HSS -** Second A Grade, STHSS Erattayar

11. സ്റ്റഡി സർക്കിൾ

**UP -** Second A Grade, Vijayamatha Thookkupalam
**HS -** A Grade, STHSS Erattayar
**HSS -** A Grade, Vijayamatha Thookkupalam

**12. KCSL ANTHEM**

**UP -** A Grade, SJUPS Vellayamkudy
**HS -** Third A Grade, FMGHSS Koompanpara
**HSS -** A Grade, SXHSS Chemmannar

## സംസ്ഥാന സാഹിത്യമത്സര വിജയികൾ

### KCSL QUIZ

**UP** I$^{st}$ Angel Biju, Dona Rajesh, St. Sebastian UPS Nedumkandom
**HS** II$^{nd}$ Ann Therse Sibi, Taniya Nelson, FMGHSS Koompanpara
**HSS** III$^{rd}$ Aleena Thomas, Sonia Stanichan, SMHSS Mariyapuram

### CHITRA RACHANA

**HS** I$^{st}$ Stephin Philipose, Vijayamatha P. School, Thookupalam
**HSS** II$^{nd}$ Atlanta P. V, St. Xavier's HSS Chemmannar
**HSS** III$^{rd}$ Jerome Jince, Christujyothi P. School Rajakkad

### SCHOLARSHIP

**UP** III$^{rd}$ Alona James, St. Sebastian UPS Nedumkandom

### ESSAY WRITING

**HSS** III$^{rd}$ Avila Siby, Christujyothi P.School Rajakkad

### KAVITHA RACHANA

**UP** III$^{rd}$ Siyana Maria Jaise, St. Sebastian UPS Nedumkandom
**HS** II$^{nd}$ Anna Agnus Shaji, Vimala HS Vimalagiri
**HSS** I$^{st}$ Jeeva Jijo, St. Xavier's HSS Chemmannar
**HSS** II$^{nd}$ Anna Rose Vilson, FMGHSS Koompanpara

### KADHA RACHANA

**HS** I$^{st}$ Jewel George, STHS Punnayar

### MAGAZINE

**HSS** I$^{st}$ FMGHSS Koompanpara

സംസ്ഥാന കലോത്സവത്തിൽ 32 രൂപതകളോട് മത്സരിച്ച് രണ്ടാം സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞത് നമുക്ക് ഏറെ അഭിമാന കരമായ നേട്ടമാണ്.

ഇടുക്കി രൂപതയുടെ പേര് സംസ്ഥാനതലത്തിൽ ഉയർത്തി ക്കാട്ടാൻ അക്ഷീണം പരിശ്രമിച്ച നിങ്ങൾക്ക് ഓരോരുത്തർക്കും ഇടുക്കി രൂപത KCSL കുടുംബത്തിന്റെ പേരിൽ ഒരായിരം നന്ദി. എല്ലാ കുട്ടികൾക്കും, അവരെ പ്രോത്സാഹിപ്പിച്ച അധ്യാപകർക്കും മാതാപിതാക്കൾക്കും അഭിനന്ദനങ്ങളും നന്ദിയും ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.

## KCSL 07/24 ഇടുക്കി രൂപതാ KCSL കിഡ്സ് ഫെസ്റ്റ്

ഇടുക്കി രൂപതാ കെ.സി.എസ്.എൽ. എൽ.പി. വിഭാഗത്തിനായി കിഡ്സ് കലോത്സവം നടത്തപ്പെട്ടു. 2024 ഫെബ്രുവരി മാസം 17-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തിയ കിഡ്സ് കലോത്സവം മുരിക്കാശ്ശേരി സെന്റ് മേരിസ് ഫൊറോന പള്ളി അസി. വികാരി ഫാ. സേവ്യർ മേക്കാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. അമൽ മണിമലക്കുന്നേൽ, പ്രസിഡന്റ് മനോജ് ചാക്കോ, ആനിമേറ്റർ സി. സ്റ്റെല്ലാ എസ്. എച്ച്. എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കലോത്സവത്തിൽ രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നും എൽ. പി. വിഭാഗത്തിലുള്ള 300-ൽ പരം കുട്ടികൾ പങ്കെടുത്തു. കിഡ്സ് ഫെസ്റ്റിന്റെ സമാപന സമ്മേളനം ഇടുക്കി രൂപതാ വിദ്യാഭ്യാസ സെക്രട്ടറി ഫാ. ജോർജ് തകടിയേൽ ഉദ്ഘാടനം ചെയ്യുകയും സംസ്ഥാനതലത്തിലും രൂപതാതലത്തിലും കലോത്സവത്തിൽ വിജയികളായ എല്ലാ കുട്ടികളെയും സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

### കിഡ്സ് മത്സര വിജയികൾ

**SPEECH**

I^st^ A Grade : Dhiya Maria, SGLPS Parathodu
II^nd^ A Grade : Isaac Sebastian, SJLPS Vellayamkudy
III^rd^ A Grade : Jewel Maria Sherin, Newman LPS Idukki

**LALITHAGANAM**

I^st^ A Grade : Aleena Sumesh, SGLPS Parathodu
II^nd^ A Grade : Aiden Babu, Vijayamatha Public School Kallupalam
III^rd^ A Grade : Sreya Sunny, STHSS Erattayar

**KCSL ANTHEM**

1. Vijayamatha Public School Thookkupalam - A Grade
2. SGLP School Parthodu - A Grade
3. St.Thomas LP School Thankamany - A Grade

**KCSL QUIZ**

I^st^ A Grade - Adhel Rose Dominic, STHSS Erattayar
I^st^ A Grade - Jewel Maria Lalichan, STHSS Erattayar
II^nd^ A Grade - Eve Kurian, SJUPS Narakakkanam

IInd A Grade - Beyona Siju, SJUPS Narakakkanam
IIIrd A Grade - Phiona Philip, Vijayamatha Public School Thookupalam
IIIrd A Grade - Sheena Jijo, Vijayamatha Public School Thookupalam

**STORY TELLING**

Ist A Grade - Cloudiya KA, Vijayamatha Public School Thookupalam
IInd A Grade - Juvana Nija, Vimala LPS Vimalagiri
IIIrd A Grade - Isbel Anna Tomy, NMLPS Idukki

## KCSL 08/24 ഇടുക്കി രൂപതാ KCSL കിഡ്സ് ഫെസ്റ്റ്

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ 2023-2024 അവാർഡ് വിതരണ ചടങ്ങിൽ വച്ച് കെ.സി.എസ്.എൽ. ഇടുക്കി രൂപതാ മികച്ച സ്കൂൾ, മികച്ച ആനിമേറ്റർ എന്നീ അവാർഡുകൾ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വിതരണം ചെയ്യുന്നതാണ്.

# തിരുബാലസഖ്യം

## HC 07/24 തിരുബാലസഖ്യ ദിനം

ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയായ ഫെബ്രുവരി 11 തിരുബാലസഖ്യദിനം ആചരിച്ചു. അന്നേദിവസം കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ കാഴ്ച്ച സമർപ്പണം, റാലി, മീറ്റിംഗ്, മത്സരങ്ങൾ, വിവിധ കലാപരിപാടികൾ എന്നിവ ഇടവകയിൽ നടത്തപ്പെട്ടു.

## HC 08/24 രോഗീ ദിനം

ലൂർദ്മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11 ആഗോള കത്തോലിക്കാ സഭയിലെ രോഗീദിനത്തോനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ വിവിധ രോഗങ്ങളാൽ വേദനിക്കുന്നവർക്കു വേണ്ടി ഒരുമിച്ച് പ്രാർത്ഥിച്ചു. ഒപ്പം ഇടവകയിലെ രോഗികളായ ആളുകളുടെ ഭവനങ്ങൾ ആനിമേറ്റർ സിസ്റ്ററിനോടൊപ്പം കുഞ്ഞുങ്ങൾ സന്ദർശിക്കുകയും ചെയ്തു.

## HC 09/24 50 നോമ്പ്

ഈശോയുടെ ഉയിർപ്പ് തിരുനാളിനൊരുക്കമായി കുഞ്ഞുങ്ങളെല്ലാവരും നോമ്പ് നോക്കി പ്രാർത്ഥിച്ചു വരുന്നു.

## CML 15/24 മേഖലാ, ശാഖാ സന്ദർശനങ്ങൾ

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ സമിതി, ഏഴ് മേഖലകളിലും ഇരുപത് ശാഖകളിലും സന്ദർശനം നടത്തി. വാഴത്തോപ്പ് (ഫെബ്രുവരി 4), മുരിക്കാശ്ശേരി (ഫെബ്രുവരി 10), നെടുങ്കണ്ടം (ഫെബ്രുവരി 10), ചുരുളി (ഫെബ്രുവരി 11), തങ്കമണി (ഫെബ്രുവരി 18) കൂമ്പൻപാറ (ഫെബ്രുവരി 24), വെള്ളയാംകുടി (ഫെബ്രുവരി 25), എന്നീ മേഖലകളിലാണ് സന്ദർശനം നടത്തിയത്. സന്ദർശനത്തോടനുബന്ധിച്ച് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും മെയ് മാസം നടത്താനിരിക്കുന്ന രൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ്, രൂപതാ സമിതിയുടെ തിരഞ്ഞെടുപ്പ് എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കൂടാതെ, മേഖലയുടെയും മേഖലയ്ക്ക് കീഴിലുള്ള ശാഖകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി. സംഘടനാ പ്രവർത്തനങ്ങൾ, റെക്കോർഡ് വർക്കുകൾ, റിപ്പോർട്ട് എന്നീ വിഷയങ്ങളെക്കുറിച്ച് അംഗങ്ങൾക്ക് ക്ലാസുകൾ നൽകി. രൂപതാ മേഖലാ സമിതി അംഗങ്ങൾ തമ്മിലുള്ള സൗഹൃദ ബന്ധവും, സംഘടനാ പ്രവർത്തനങ്ങളിലെ കൂട്ടായ്മയും വർദ്ധിപ്പിക്കാൻ ഈ സന്ദർശനങ്ങൾ വഴി സാധിച്ചു.

ജനുവരി 21-ാം തീയതി മുതൽ രൂപതാ സമിതി, ശാഖകളിൽ സന്ദർശനങ്ങൾ ആരംഭിച്ചു. അടിമാലി, ആയിരമേക്കർ, കൂമ്പൻപാറ, കഞ്ഞിക്കുഴി, കീരിത്തോട്, കരിമ്പൻ, താന്നിക്കണ്ടം, വാഴവര, കാൽവരി മൗണ്ട്, തോപ്രാംകുടി, മുരിക്കാശ്ശേരി, രാജമുടി, മാവടി, കല്ലാർകുട്ടി, സ്നേഹഗിരി, ചെമ്പകപ്പാറ, കരിമ്പൻ, കൂമ്പൻപാറ, കാഞ്ചിയാർ എന്നീ ശാഖകളിലാണ് സന്ദർശനം പൂർത്തിയാക്കിയത്. ശാഖാ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി. ശാഖാ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉതകുന്ന നവീന ആശയങ്ങൾ പങ്കുവയ്ക്കുകയും പ്രോത്സാഹനങ്ങൾ നല്കുകയും ചെയ്തു. കൂടാതെ, റെക്കോർഡ് വർക്കുകൾ, റിപ്പോർട്ട്, സംഘടനാ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് ക്ലാസുകൾ നൽകുകയും സംശയങ്ങൾ ദുരീകരിക്കുകയും ചെയ്തു.

രൂപതാ സമിതിയും ശാഖകളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സംഘടനാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സന്ദർശനങ്ങൾ ഉപകരിച്ചു.

മേഖലാ, ശാഖാ തലങ്ങളിൽ സന്ദർശനം നടത്താൻ വേണ്ട എല്ലാ സൗകര്യങ്ങളും ഏറ്റവും ഭംഗിയായി ക്രമീകരിച്ച ഡയറക്ടർ അച്ചന്മാരെയും വൈസ് ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ അനുസ്മരിക്കുകയും, അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

CML രൂപതാ ഡയറക്ടർ റവ. ഫാ ഫിലിപ്പ് ഐക്കര, അസി. ഡയറക്ടർ റവ. ഫാ. ജോബി പുളിക്കക്കുന്നേൽ, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് ജോർജ്കുട്ടി സെബാസ്റ്റ്യൻ, സെക്രട്ടറി അമൽ ജോണി, ജെയിംസ് തോമസ്, മാർട്ടിൻ മാത്യു, സെസിൽ ജോസ് എന്നിവർ സന്ദർശനങ്ങൾക്ക് നേതൃത്വം നൽകി.

## CML 16/24 എക്സിക്യൂട്ടീവ് മീറ്റിംഗ്

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ സമിതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ്, പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് ഫെബ്രുവരി 17-ാം തീയതി നടത്തി. സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, തുടർ പ്രവർത്തനത്തിന് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. മാർച്ച് 9 ന് നടക്കാനിരിക്കുന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ്, മെയ് 8 ന് നടക്കാനിരിക്കുന്ന രൂപത മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ് എന്നിവയായിരുന്നു അജണ്ടയിലെ മുഖ്യ വിഷയങ്ങൾ.

## CML 17/24 മേഖലാ വാർത്തകൾ

### വെള്ളയാംകുടി മേഖല

ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ സമർപ്പിത ദിനാചരണത്തോടെ ആരംഭിച്ചു. എല്ലാ ശാഖകളിലും സമർപ്പിതരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മരിയൻ ഫോർട്ട് എന്ന പേരിൽ വെള്ളയാംകുടിയിൽ വച്ച് മുതിർന്ന കുട്ടികൾക്കായി അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ നയിച്ച രൂപതാ സെമിനാറിൽ മേഖലയിൽ നിന്ന് സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

ലൂർദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ രോഗികൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ശാഖകളിൽ രോഗീ സന്ദർശനങ്ങൾ നടത്തുകയും രോഗീകൾക്ക് സഹായങ്ങൾ നൽകുകയും ചെയ്തു. വിഭൂതി തിരുനാളോടു കൂടി പത്താം ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥി കൾക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു. രൂപതാ ഭാരവാഹികളോടൊപ്പം ഫെബ്രുവരി 25 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുകയും മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**കൂമ്പൻപാറ മേഖല**

സമർപ്പിത ദിനമായി ആചരിക്കപ്പെട്ട ഫെബ്രുവരി രണ്ടാം തീയതി സമർപ്പിതർക്കായി ദിവ്യകാരുണ്യ ആരാധന മേഖല ടീമിന്റെ നേതൃത്വത്തിൽ കൂമ്പൻപാറ മഠത്തിൽ വച്ച് നടത്തി. രണ്ടാമത് വൈസ് ഡയറക്ടേഴ്സ് മീറ്റും വൈസ് ഡയറക്ടേഴ്സിനെ ആദരിക്കലും സമർപ്പിത ദിനത്തോടനുബന്ധിച്ച് നടത്തി. സന്യാസഭവനങ്ങൾ സന്ദർശിക്കുകയും സമർപ്പിതരെ ആദരിക്കുകയും ചെയ്തു. രൂപതാ, മേഖലാ വൈസ് ഡയറക്ടേഴ്സിനെ തദവസരത്തിൽ ആദരിച്ചു. സമർപ്പിതർക്കായി 1001 തവണ വചനം എഴുതി പ്രാർത്ഥിച്ചു. മേഖല യിലെ വിവിധ ശാഖകളിൽ നിന്നെത്തിയ സമർപ്പിതരെ വചനവും സ്നേഹ വിരുന്നും നൽകി ആദരിച്ചു. മദ്യവിരുദ്ധ ഞായറിനോട നുബന്ധിച്ച് മൈത്രി പത്തു ബി എന്ന പേരിൽ ലഹരിക്കെതിരെ ബോധവൽക്കരണ ഷോർട്ട് ഫിലിം തയ്യാറാക്കി. രോഗീ ദിനത്തോടനു ബന്ധിച്ച് രോഗികളെയും സമർപ്പിച്ച് 1001 തവണ ജെറമിയ 30:17 വചനം എഴുതി പ്രാർത്ഥിച്ചു. അടിമാലി കരുണാഭവനിലെ രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വചനം നൽകി അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. രോഗികളായി കഴി യുന്നവരുടെ ഭവനങ്ങൾ മേഖലാ ടീം സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കുടിവെള്ള പദ്ധതി സഹായമായി 1500 രൂപ നൽകി. ഫെബ്രുവരി പതിനെട്ടാം തീയതി തോക്കുപാറ ശാഖയിലും 25-ാം തീയതി മച്ചിപ്ലാവ്, ഇരുമ്പുപാലം ശാഖകളിലും മേഖലാ ടീം സന്ദർ ശനം നടത്തുകയും സെമിനാർ നയിക്കുകയും അവരോടൊപ്പം മൂന്നു മണിക്കൂറുകൾ ചെലവഴിക്കുകയും ചെയ്തു.

## KCYM 15/24 മേജർ ആർച്ച് ബിഷപ്പിന് ഇടുക്കിയുടെ മണ്ണിൽ സ്വീകരണം നൽകി

സിറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠ മെത്രാപ്പോലീത്തായെ ഇടുക്കി രൂപതയിലേക്ക് സ്വാഗതം ചെയ്യുന്നതിനായി കെ.സി.വൈ.എം. ഇടുക്കി രൂപതയിലെ യുവജനങ്ങൾ ചേർന്ന് സ്വീകരണ നഗരിയിൽ ഒരുക്കങ്ങളും അലങ്കാരങ്ങളും നടത്തുകയും ബൈക്ക് റാലി സംഘടിപ്പിക്കുകയും ചെയ്തു.

## KCYM 16/24 പ്രധിഷേധം അറിയിച്ചു

മധ്യപ്രദേശിൽ കാവിക്കൊടി ഉയർത്തിക്കൊണ്ട് ക്രിസ്തീയ മത വിശ്വാസത്തെ മുറിപ്പെടുത്തുന്ന പ്രകടനങ്ങൾ നടത്തിയവർക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത പ്രധിഷേധം അറിയിച്ചു.

## KCYM 17/24 അനുശോചനം രേഖപ്പെടുത്തി

കെ.സി.വൈ.എം. ഇടുക്കി രൂപതാ ട്രഷറർ ജോയ്സ് ഇമ്മാനുവേലിന്റെ മാതാപിതാക്കളുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് രൂപതാ സമിതി അംഗങ്ങൾ മൃതസംസ്കാര ശുശ്രുഷയിൽ പങ്കെടുത്തു.

## KCYM 18/24 ആനന്ദം 2K23

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതി അംഗങ്ങൾ ചേർന്ന് ഫെബ്രുവരി നാലാം തീയതി ഞായറാഴ്ച ഉല്ലാസ യാത്ര സംഘടിപ്പിച്ചു.

## KCYM 19/24 രോഗീദിനാചരണം

രോഗീ ദിനത്തോട് അനുബന്ധിച്ച് ഫെബ്രുവരി 11 ഞായറാഴ്ച കെ.സി.വൈ.എം. ഇടുക്കി രൂപതയിലെ യുവജനങ്ങൾ ബത്ലഹേം കാരിത്താസുമയി ചേർന്ന് രോഗികൾക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതിനായി ആവശ്യമുള്ള വിറക് ശേഖരിച്ചു നൽകി. തുടർന്ന് യുവജനങ്ങൾ ചേർന്ന് ഫെബ്രുവരി 11 മുതൽ 17 വരെയുള്ള ദിവസ

ങ്ങളിൽ വിവിധ യൂണിറ്റ്, മേഖല തലങ്ങളിൽ രോഗികളെ സന്ദർശിക്കുകയും അവരെ പരിപാലിക്കുന്നവരെ ആദരിക്കുകയും ചെയ്തു.

## ജീസസ് യൂത്ത് ഇടുക്കി സോൺ

### JY 28/24 ഇടുക്കി ജീസസ് യൂത്ത് കുടുംബത്തിന് പുതിയ ചാപ്ലിൻ

''എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും'' (ജറെമിയാ 3:15) ജീസസ് യൂത്ത് ഇടുക്കി സോണിന്റെ പുതിയ ചാപ്ലിൻ ആയി ഫാ.ജെയിംസ് മാക്കിയിൽ ദൈവകൃപയാൽ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. ഇടുക്കി ജീസസ് യൂത്തിന് ഏറെ പരിചിതമായ വ്യക്തിത്വമാണ് മാക്കിയിൽ അച്ചൻ. ഇടുക്കിയിലെ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ നാൾവഴികളിലുടനീളം പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും കരുത്ത് പകർന്നുകൊണ്ട് അച്ചൻ കൂടെയുണ്ടായിരുന്നു. ഇടുക്കി രൂപതയുടെ കരുണ ആനിമേഷൻ സെന്ററിലെ ഡയറക്ടറായി സേവനം ചെയ്യുകയാണ് അച്ചനിപ്പോൾ. ജീസസ് യൂത്ത് ഇടുക്കി സോണിനെ ആത്മീയതയിൽ വേരൂന്നി വളർത്താനായി സർവ്വശക്തനാൽ നിയോഗിതനായ മാക്കിയിലച്ചന് സാധിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

### JY 29//24 ഫാ. ആന്റണി പാറക്കടവിലിന് നന്ദിയും പ്രാർത്ഥനയും

''ദൈവസന്നിധിയിൽ നിങ്ങൾ മൂലം ഞങ്ങളനുഭവിക്കുന്ന ആനന്ദത്തിനു നിങ്ങളുടെ പേരിൽ ദൈവത്തിന് എങ്ങനെ നന്ദി പ്രകാശിപ്പിക്കും!'' (1 തെസലോനിക്കാ 3:9)

കഴിഞ്ഞ നാലു വർഷക്കാലം ഇടുക്കി ജീസസ് യൂത്ത് മുന്നേറ്റത്തിന് വെളിച്ചം പകർന്നുകൊണ്ട് നമ്മുടെ കൂടെയായിരുന്ന ചാപ്ലിൻ ഫാ. ആൻറണി പാറക്കടവിൽ സ്ഥാനമൊഴിയുകയാണ്. ഈ കാലയളവത്രയും നമ്മെ ആത്മീയമായി വഴി നടത്തുകയും സോണിലെ എല്ലാ പ്രവർത്തനങ്ങളിലും മാർഗ്ഗദർശിയാവുകയും ചെയ്ത അച്ചനെ നന്ദിയോടെ ഓർക്കാം. ആന്റണി അച്ചനിലൂടെ കർത്താവ് ഇടുക്കി സോണിലേക്ക് ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് പ്ര

ത്യേകം നന്ദി പറയാം. അച്ചന്റെ ഭാവി ജീവിതവും പ്രവർത്തനമേഖല കളും ദൈവാനുഗ്രഹപ്രദമായി തീരട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

## JY 30/24 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ഫെബ്രുവരി മാസം 24, 25 ദിവസങ്ങളിൽ, ചാപ്ലിൻ ഫാ. ജെയിംസ് മാക്കിയിൽ അച്ചന്റെയും ആനിമേറ്റർ സി. ബ്ലസി സിഎംസി യുടെയും സാന്നിധ്യത്തിൽ നെടുംകണ്ടം കരുണാ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 31/24 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, രാജാക്കാട്, അടിമാലി എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തിവരുന്നു.

## JY 32/24 സോണൽ സംഗമവും ഹൗസ് ഹോൾഡും

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജനുവരി മാസത്തിലെ ഹൗസ്ഹോൾഡ്, ഫെബ്രുവരി 17 ന് തെള്ളിത്തോട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് കൂടുകയുണ്ടായി. സോണൽ ഹൗസ് ഹോൾഡ് ടീം നേതൃത്വം നൽകിയ കൂട്ടായ്മ ഏവരുടെയും സജീവ സാന്നിധ്യത്താൽ മനോഹരമായി.

## JY 33/24 Yes Lord : Online / Offline കുരിശിന്റെ വഴി

നമ്മുടെ ഇഷ്ടങ്ങൾക്കുവേണ്ടി ചെലവഴിച്ചിരുന്ന സമയം കർത്താവിനുവേണ്ടി മാറ്റി വയ്ക്കുമ്പോഴാണ് നമ്മുടെ നോമ്പുകാലം അടിപൊളി ആകുന്നത്. കർത്താവിന്റെ പീഡാനുഭവങ്ങളെ ഓരോ ദിവസവും ധ്യാനിക്കാനും അതുവഴി ഈശോയുടെ സ്നേഹത്തിൽ കൂടുതൽ ആഴപ്പെടാനും നോമ്പിന്റെ ദിവസങ്ങളിൽ കുരിശിന്റെ വഴി ചൊല്ലി വരുന്നു. എല്ലാദിവസവും രാത്രി 9 മണിക്ക് Google Meet വഴിയും വെള്ളിയാഴ്ചകളിൽ എഴുകുംവയൽ കുരിശുമല കയറിയും കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുന്നു.

‘‘അതിനാൽ, നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ’’ (അപ്പ. പ്ര. 3:19).

## JY 34/24 ടീൻസ് മിനിസ്ട്രി - ടീൻസ് ടീം മീറ്റിംഗ്

ടീൻസ് ടീമിന്റെ പ്രഥമ മീറ്റിംഗ് Fr. Bijoy Kizhakethottam V.C യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആനിമേറ്റർ Sr. Nithya CMC, കോർഡിനേറ്റർ അലക്സിയോ എന്നിവർ നേതൃത്വം നൽകി.

## JY 35/24 Teens Evangulistic Fellowship Groups

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ സുവിശേഷവത്കരണ കൗമാര കൂട്ടായ്മകൾക്ക് വിവിധ സബ്സോണുകളിൽ നേതൃത്വം നൽകി വരുന്നു.

## JY 36/24 പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും, വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും പ്രയർ ഗ്രൂപ്പുകൾ നടന്നുവരുന്നു.

## JY 37/24 ക്യാമ്പസ് മിനിസ്ട്രി - ക്യാമ്പസ് പ്രയർ മീറ്റിംഗ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ്, അടിമാലി കാർമൽ ഗിരി കോളേജ്, രാജാക്കാട് സാൻജോ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ് എന്നീ ക്യാമ്പസുകളിൽ എല്ലാ ആഴ്ചകളിലും പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

## JY 38/24 ജീസസ് യൂത്ത് ഫോർമേഷൻ

ജീസസ് യൂത്ത് ഫോർമേഷന്റെ പ്രധാനപ്പെട്ട പടികളിൽ ഒന്നായ Stewardship കോഴ്സ് ഇടുക്കി സോണിൽ നിന്നും മൂന്നു ജീസസ് അംഗങ്ങൾ പൂർത്തിയാക്കി.

## JY 39/24 ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രി, ജനുവരി 2024 പ്രോലൈഫ് എക്സിബിഷൻ

ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അണക്കര സെന്റ് തോമസ് ഫൊറോന ചർച്ചിൽ പ്രോലൈഫ് എക്സിബിഷൻ നടത്തപ്പെട്ടു. ഫെബ്രുവരി 9, 10 തീയതികളിൽ തിരുനാളിനോട് അനുബന്ധിച്ചാണ് എക്സിബിഷൻ നടത്തപ്പെട്ടത്. ഇടുക്കി, കട്ടപ്പന സോണുകൾ എക്സിബിഷന് നേതൃത്വം നൽകി.

## MV 07/24 അന്താരാഷ്ട്ര ഗ്ലോബൽ മീറ്റിംഗ്

ഫെബ്രുവരി 15, 16 തീയതികളിൽ താമരശ്ശേരി പി.എം.ഒ.സി. യിൽ വച്ച് നടത്തിയ അന്താരാഷ്ട്ര ഗ്ലോബൽ മീറ്റിങ്ങിൽ ഡയറക്ടർ ഫാ. മാർട്ടിൻ പൊൻപനാൽ, സി. ട്രിസാ ജോസ് എസ്.എച്ച്, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## MV 08/24 മേഖലാതല ആനിമേറ്റേഴ്സിന്റെയും ഭാരവാഹികളുടെയും മീറ്റിംഗ്

2024 മാർച്ച് 9-ാം തീയതി എല്ലാ മേഖലകളിലെയും മേഖലാ ഭാരവാഹികളുടെയും മേഖലാ ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ് കരിമ്പൻ സെന്റ് മേരിസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ മേഖലാ ഭാരവാഹികളും ആനിമേറ്റർമാരും ഈ മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## MV 09/24 സമൃദ്ധി പച്ചക്കറി തോട്ടം മത്സരവിജയികൾ 2K24

I$^{st}$ ജോസ്മി മനോജ് മംഗലത്തുകുന്നേൽ, ലോവർ കുളമാവ്
II$^{nd}$ സെലിൻ കലൂർ, ചുരുളി
II$^{nd}$ ആലിസ് മേക്കാട്, മാങ്കുളം
III$^{rd}$ കുഞ്ഞുമോൾ ജെയിംസ് കപ്പിലുമാക്കൽ, കാൽവരി മൗണ്ട്.

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:**

1) സാലി ജോയി മാപ്പിളപ്പാട്ട്, കിളിയാർകണ്ടം
2) സോണിയ വയലിൽകരോട്ട്, തോപ്രാംകുടി
3) റിജ ഷാജി ചെറുകരക്കുന്നേൽ, പൊന്നാമല
4) രമ്യ ലിജേഷ് പൂങ്കുടിയിൽ, പാറത്തോട്
5) ഷേർലി തോമസ് വരിക്കമൊംതടത്തിൽ, കല്ലാർകുട്ടി
6) ബിന്ദു സിബി കുരിശുകുന്നേൽ, പൊട്ടൻകാട്
7) റാണി പൂതക്കുഴി, രാജകുമാരി
8) മേരിക്കുട്ടി ചാക്കോ, തിങ്കൾക്കാട്

സമ്മാനാർഹരായ എല്ലാവർക്കും, മാതൃവേദി കുടുംബ ത്തിന്റെ അഭിനന്ദനങ്ങളും ദൈവനുഗ്രഹങ്ങളും നേരുന്നു.

## MV 10/24 ഉണർവ്വ് 2K24

### ഇടുക്കി രൂപതാ മാതൃവേദി കലോത്സവം

നമ്മുടെ രൂപതയിലെ മാതൃവേദി അംഗങ്ങളുടെ കലാപര മായ കഴിവുകളെ പ്രാത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി ഇടുക്കി രൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ അമ്മ മാർക്കുവേണ്ടി ഉണർവ്വ് 2K24 കലാമത്സരങ്ങൾ നടത്തപ്പെടുന്നു. അംഗങ്ങളുടെ പ്രായപരിധിയനുസരിച്ച് രണ്ടു വിഭാഗങ്ങളിലായി യൂണിറ്റ്, റീജൺ, രൂപത എന്നീ മൂന്നു തലങ്ങളിലായിട്ടായിരിക്കും മത്സരങ്ങൾ നടത്തപ്പെടുന്നത്.

**I. മത്സര തീയതികൾ**

യൂണിറ്റ് - 2024 മാർച്ച് 18 നു മുമ്പായി പൂർത്തികരിക്കുക.
റീജൺ - 2024 ഏപ്രിൽ 10 ബുധൻ
രൂപത - 2024 ഏപ്രിൽ 23 ചൊവ്വ

❖ യൂണിറ്റ് തലത്തിൽ 1, 2 സ്ഥാനങ്ങൾക്ക് അർഹരായവരുടെ ലിസ്റ്റ് 2024 ഏപ്രിൽ 2-ാം തീയതിക്കു മുമ്പായി മേഖലയിൽ എത്തി ക്കേണ്ടതാണ്.

**II. മത്സര വിഭാഗങ്ങൾ**

സീനിയേഴ്സ് - 1978 ഡിസംബർ 31 വരെ ജനിച്ചവർ
ജൂനിയേഴ്സ് - 1979 ജനുവരി 1 നു ശേഷം ജനിച്ചവർ

**III. മത്സരയിനങ്ങൾ**

**യൂണിറ്റ് - റീജണൽ തലങ്ങൾ**

1. പ്രസംഗം
2. ലളിതഗാനം
3. മോണോ ആക്ട്
4. ബൈബിൾ ക്വിസ്
5. സംഘഗാനം

**രൂപതാതലം**

6. നാടോടിനൃത്തം
7. മാർഗംകളി

❖ നാടോടിനൃത്തം. മാർഗംകളി, സംഘഗാനം എന്നീ മത്സരങ്ങൾക്ക് പ്രായപരിധി ഉണ്ടായിരിക്കില്ല. ഗ്രൂപ്പ് ഐറ്റങ്ങൾ ഒരു യൂണീറ്റിൽ നിന്നും ഒരു ടീമിനു മാത്രമേ പങ്കെടുക്കാൻ സാധിക്കൂ.

കലോത്സവത്തിന്റെ വിശദവിവരങ്ങൾ കലോത്സവ മാർഗരേഖയിൽ നൽകിയിട്ടുണ്ട്.



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 22/24 സഹസ്രദിന മധ്യസ്ഥ്യ പ്രാർത്ഥന

തോപ്രാംകുടി സബ്സോണിൽ വച്ച് ജൂബിലിയേവൂസ് 2026 ന് ഒരുക്കമായുള്ള സഹസ്രദിന മധ്യസ്ഥ്യ പ്രാർത്ഥന ഫെബ്രുവരി പത്താം തീയതി നടന്നു. തോപ്രാംകുടി സബ്സോൺ സെമിനാറും അതോടോപ്പം നടത്തപ്പെട്ടു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായി) ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## PG 23/24 തുടർ പരിശീലനം

വരദാന വളർച്ച ധ്യാനത്തിൽ പങ്കെടുത്തവർക്കായുള്ള തുടർ പരീലനം ഫെബ്രുവരി നാലാം തീയതി കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്നു. ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ ശുശ്രൂഷകൾ നയിച്ചു.

## PG 24/24 സബ്സോൺ സെമിനാറുകൾ

ഫെബ്രുവരി 17 ന് കരിമ്പനിൽ വച്ച് നടന്ന വാഴത്തോപ്പ് സബ്സോൺ സെമിനാറിന് ശ്രീ. സണ്ണി വളവനാട്ട് നേതൃത്വം നൽകി.

## PG 25/24 ദിവ്യകാരുണ്യ ആരാധന

ഫെബ്രുവരി 18 ന് സോണൽ സർവീസ് ടീം സബ്സോൺ കോർ ടീമിനോടോപ്പം ദിവ്യകാരുണ്യ സന്നിധിയിൽ നാലുമണിക്കൂർ ചെലവഴിച്ചു. ജപമാല, സ്തുതി ആരാധന, വചന വിചിന്തനം, മധ്യസ്ഥ്യ പ്രാർത്ഥന എന്നീ ശുശ്രൂഷകൾ ഇതിന്റെ ഭാഗമായി നടന്നു.

## PG 26/24 ഓൺലൈൻ മധ്യസ്ഥ്യ പ്രാർത്ഥന

എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം ഏഴ് മണി മുതൽ

8 മണി വരെ കുടുംബങ്ങൾ, വൈദികർ, മിഷൻ മേഖലകൾ എന്നിവയ്ക്കായുള്ള മധ്യസ്ഥ്യ പ്രാർത്ഥന നടക്കുന്നു. വിവിധ നിയോഗങ്ങൾ മുൻനിർത്തി വാഴത്തോപ്പ് സബ്സോണിന്റെ നേതൃത്വത്തിൽ എല്ലാ തിങ്കളാഴ്ചയും മധ്യസ്ഥ്യ പ്രാർത്ഥന നടക്കുന്നു. അതോടൊപ്പം എല്ലാ ചൊവ്വ, ബുധൻ, വെള്ളി ദിവസങ്ങളിലും മധ്യസ്ഥ്യ പ്രാർത്ഥന ഗ്രൂപ്പിന്റെ നേതൃത്വത്തിൽ യുദ്ധം, കലാപം, ഭീകരവാദം എന്നിവ അവസാനിക്കുവാനായി പ്രാർത്ഥന നടക്കുന്നു.

## PG 27/24 കട്ടപ്പന സോൺ വാർത്തകൾ – നിറവ് 2023 കുടുംബ സംഗമം

കട്ടപ്പന സോണിലെ ഏഴ് സബ്സോണുകളിലും ആദ്യകാല കരിസ്മാറ്റിക് നവീകരണ പ്രവർത്തകരെ ഉൾപ്പെടെ ആദരിക്കുകയും എല്ലാ നവീകരണ പ്രവർത്തകരും ഒത്തുചേരുകയും ചെയ്യുന്ന നിറവ് കുടുംബ സംഗമം പൂർത്തിയായി.

## PG 28/24 ഉണർവ്വ്

നവീകരണ നേതൃത്വത്തിന്റെ മദ്ധ്യസ്ഥ്യ പ്രാർത്ഥനാ സന്ധ്യ ഫെബ്രുവരി 29 ന് വൈകിട്ട് 6 മുതൽ 10 വരെ തൊവരയാർ പള്ളിയിൽ നടന്നു.

## PG 29/24 ഉപദേശക സമിതി

കട്ടപ്പന സോൺ ZAC മാർച്ച് 8 ന് രാവിലെ 9:30 മുതൽ 4 വരെ തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടക്കും. എല്ലാ സബ് സോൺ / മിനിസ്ട്രി സർവ്വീസ് ടീം അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

## PG 30/24 ശിഷ്യത്വ പരിശീലനം

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ പരിശീലനത്തിന്റെ പത്താമത്തെ ക്ലാസ് 17-02-24 ശനിയാഴ്ച വൈകീട്ട് 6 മുതൽ 9.30 വരെ തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായൻ) ക്ലാസ് നയിച്ചു. അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

## PG 31/24 സബ് സോൺ സെമിനാറുകൾ

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു. കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽ വാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു. കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും കല്ലാർ മേരിഗിരി പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും നടക്കുന്നു.

## PG 32/24 മദ്ധ്യസ്ഥ പ്രാർത്ഥന

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച്ച ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ച്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 10/24 ധനസഹായം വിതരണം ചെയ്തു

ഭൂമിയാങ്കുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ കരൾ രോഗം മൂലം അകാലത്തിൽ വേർപ്പെട്ട വള്ളികാവുങ്കൽ ജോഷിയുടെ കുടുംബത്തിന് കത്തോലിക്കാ കോൺഗ്രസ് ഹാർട്ട് ലിങ്ക്സ് സമാഹരിച്ച രണ്ടു ലക്ഷം രൂപാ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം കൈമാറി. ഫാ. ഫ്രാൻസിസ് ഇടവകണ്ടം, ഫാ. ജോൺസൺ ചെറുകുന്നേൽ, സിജോ ഇലന്തൂർ, റിൻസി സിബി, തോമസ് പീടികയിൽ, രാജേഷ് ജോൺ, ബെന്നി ആന്റണി, ജോൺ മുണ്ടൻകാവിൽ, തുടങ്ങിയവർ പങ്കെടുത്തു.

## AKCC 11/24 പ്രീ-ബഡ്ജറ്റ് സെമിനാർ

കത്തോലിക്കാ കോൺഗ്രസ് പി.ഒ.സിയിൽ പ്രീ-ബഡ്ജറ്റ്

സെമിനാർ സംഘടിപ്പിച്ചു. ഇടുക്കി രൂപതയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു.

## AKCC 12/24 വന്യജീവി ആക്രമണത്തിനെതിരെ

വന്യജീവി ആക്രമണം തുടർക്കഥയാവുകയും വന്യജീവികളാൽ കർഷകർ കൊല്ലപ്പെടുകയും ചെയ്തിട്ടും, വന്യജീവി ആക്രമണം തടയുന്നതിന് ആവശ്യമായ യാതൊരുവിധ ഇടപെടലുകളും നടത്താത്ത സർക്കാർ നയങ്ങൾക്കെതിരെ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാസമിതി ദൃശ്യപത്ര മാധ്യമങ്ങളിലൂടെ പ്രതിഷേധിച്ചു.

## AKCC 13/24 മാങ്കുളം സമരങ്ങൾക്ക് ഐക്യദാർഢ്യം

വനംവകുപ്പിന്റെ കിരാത നടപടികൾക്കെതിരെ മാങ്കുളം ജനത നടത്തുന്ന അതിജീവന സമരങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതി ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

## AKCC 14/24 അഭിനന്ദിച്ചു

മികച്ച അനധ്യാപകനുള്ള ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അവാർഡ് കരസ്ഥമാക്കിയ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ പ്രസിഡന്റ് K.C. ജോർജ് കോയിക്കലിനെ ഇടുക്കി രൂപത സമിതി അഭിനന്ദിച്ചു.

## AKCC 15/24 മെമ്പർഷിപ്പ് ക്യാമ്പയിൻ

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത സമിതി മെമ്പർഷിപ്പ് ക്യാമ്പയിൻ ആരംഭിച്ചു. മെമ്പർഷിപ്പ് ക്യാമ്പയിൻ എല്ലാ ഇടവകകളിലും നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സഹായം അഭ്യർത്ഥിക്കുന്നു.

## AKCC 16/24 ഇലക്ഷൻ ബോർഡ് രൂപീകരിച്ചു

കത്തോലിക്കാ കോൺഗ്രസിന്റെ 2024-27 വർഷത്തെ സംഘടനാ തിരഞ്ഞെടുപ്പു നടത്തുന്നതിന് ഇലക്ഷൻ ബോർഡും ട്രൈബ്യൂണലും രൂപീകരിച്ചു. ഇടുക്കി രൂപതയിലെ തിരഞ്ഞെടുപ്പിന്റെ വരണാധികാരികളായി അഡ്വ. ജോർജി ജോർജ് പാലിയത്ത്, ചുമ്മാർ സി. മാത്യു തുണ്ടത്തിൽ എന്നിവരെ നിയമിച്ചു.

## AKCC 17/24 യൂണിറ്റ് തിരഞ്ഞെടുപ്പുകൾ

കത്തോലിക്കാ കോൺഗ്രസ് 2024–27 വർഷത്തെ സംഘടന തിരഞ്ഞെടുപ്പിന്റെ ഭാഗമായി യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പുകൾ മാർച്ച് 20 ന് മുൻപായി പൂർത്തീകരിച്ച് യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റും, അംഗത്വ ലിസ്റ്റും രൂപതാ സമിതിക്ക് കൈമാറേണ്ടതാണ്.

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

## GSP 05/24 രോഗീദിനം ആചരിച്ചു

രോഗീദിനം പ്രമാണിച്ചു ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ 9.00 മുതൽ 1.30 വരെ പാറത്തോട്ടിൽ വച്ച് രൂപത രോഗീദിനാചരണം നടത്തി. 36 യൂണിറ്റുകളിൽ നിന്നായി അഞ്ഞൂറോളം പേർ പങ്കെടുത്തു. 9.30 ന് വി. കുർബാനയും കുമ്പസാരവും നടന്നു. തുടർന്ന് 10.45 ന് രോഗികൾക്കായി ആരാധനയും കൈവയ്പ്പ് പ്രാർത്ഥനയും പാലിയേറ്റീവ് വോളന്റീയേഴ്സിനായി ഡോ. മാത്യു ജോസഫിന്റെ ക്ലാസും നടന്നു. വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങളുടെ പങ്കുവയ്ക്കലും ഉണ്ടായിരുന്നു. 12. മണിക്കു നടന്ന രോഗികളുടെയും രോഗീശുശ്രൂഷകരുടെയും ഒത്തുചേരലിൽ അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ സന്ദേശം നൽകുകയും രോഗീദിനത്തിന്റെ ഓർമ്മയ്ക്കായി മെമെന്റോ നൽകുകയും ചെയ്തു. പാറത്തോട്ടിലെ മിഷൻ ലീഗ് അംഗങ്ങൾ കെട്ടിയ ജപമാലകൾ ആശീർവദിച്ച് രോഗികൾക്കു നൽകി. ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമാപിച്ചു. ഡയറ ക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോൺസൺ ചെറുകുന്നേൽ, സെൻട്രൽ ടീം അംഗങ്ങളായ ഡോ. സുഗുണ എഫ്.സി.സി., ടോമി വെളിഞ്ഞാലിൽ, റോബർട്ട് കണ്ണഞ്ചിറ, ജോസ് പൂതക്കുഴി, സാബു ചൂരത്തൊട്ടി, സി. റോസിൻ ജോസ് എഫ്. സി.സി., സി. അൽബീന സി.എസ്.എൻ., ഷൈനി മാത്യു എന്നിവരും പാറത്തോട് ഇടവക മാതൃവേദി, മിഷൻ ലീഗ്, കെ.സി.വൈ.എം., തിരുബാലസഖ്യം, പാലിയേറ്റീവ് കെയർ എന്നിവരും നേതൃത്വം നൽകി.

## MVS 03/24 രൂപതാ കമ്മിറ്റി മീറ്റിംഗ്

രൂപതാ കമ്മിറ്റി മീറ്റിംഗ് 12.02.24 ൽ കീരിത്തോട് നിത്യസഹായ മാതാ ദൈവാലയത്തിൽ കൂടുകയുണ്ടായി. മദ്യവിരുദ്ധ ഞായർ ഈ മാസം 25 നു വിപുലമായ പരിപാടികളോടെ രൂപതയിൽ നടത്താനും അതിനു വേണ്ട ക്രമീകരണങ്ങൾ രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്താനും തീരുമാനിച്ചു. അന്നേ ദിവസം ഞായറാഴ്ച വിശ്വാസ പരിശീലനത്തോടൊപ്പം കുട്ടികളെ സാമൂഹിക തിന്മകൾക്കെതിരെ കൂടി ബോധവാൻമാരാക്കുന്നതിന് പരിശീലനം എന്ന വിധം റാലികൾ, ലഹരി വിരുദ്ധ പ്രതിജ്ഞകൾ, പ്ലക്കാർഡുകൾ, നോട്ടീസ് വിതരണം, മറ്റു മഹത്‌വചനങ്ങൾ (ലഹരി വിരുദ്ധ) വിതരണം തുടങ്ങിയ കാര്യങ്ങൾ ക്രമീകരിച്ചു.

## MVS 04/24 രൂപതാതല പരിപാടി

രൂപതാതല പരിപാടി കീരിത്തോട് നിത്യസഹായമാതാ ഇടവക വികാരിയും മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടറുമായ ഫാ. തോമസ് വലിയമംഗലം ഉദ്ഘാടനം ചെയ്തു. വൈകിട്ട് 4.30 നു ദിവ്യബലിക്കു ശേഷം കീരിത്തോട് നിന്നും ചെറുതോണിയിലേക്ക് വാഹനറാലി, ലഹരി വിമോചന സന്ദേശം പകർന്നുകൊണ്ട് നടത്തപ്പെട്ടു. 7.30 നു ചെറുതോണി ജംഗ്ഷനിൽ സമാപന സന്ദേശം രൂപതാ പ്രസിഡന്റ് സിൽബി ചുനയൻമാക്കൽ നൽകി. ജനറൽ സെക്രട്ടറി റോജസ് എം ജോർജ്, സിജോ ഇലന്തൂർ, ജോയി മണ്ണാൻപറമ്പിൽ, ബിനോയ് കളത്തിക്കുന്നേൽ, സി. ലീജ എസ് ഡി, തുടങ്ങിയവർ നേതൃത്വം നൽകി. സാമൂഹിക തിന്മകൾക്കെതിരെ നേരോടെ നിർഭയം നിരന്തര ബോധവൽക്കരണ, പോരാട്ട വേദികൾ രൂപതയിൽ ഫോറോനാതലത്തിലും, ഇടവക തലത്തിലും ശക്തിപ്പെടുത്തി വരുംവർഷങ്ങൾ പുതുതലമുറയുടെ നന്മയ്ക്കായി രൂപപ്പെടുത്തും.

## A.J. 04/24 മാർച്ച് മാസത്തിലെ Marriage Preparation Course

2024 മാർച്ച് മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 08, 09, 10 (വെള്ളി, ശനി, ഞായർ) 22, 23, 24 (വെള്ളി, ശനി, ഞായർ) എന്നീ തീയതികളിലായി നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

2024 ജൂലൈ മാസം വരെ നടത്തപ്പെടുന്ന വിവാഹ ഒരുക്ക സെമിനാറിന്റെ തീയതികൾ വെബ്സൈറ്റിൽ ലഭ്യമാണ്.

www.atmajyothi.site

9400092632, 6235931254, 8078755919, 9447413328



# കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

## KAC. 09/24 ശനിയാഴ്ച കൺവെൻഷൻ

മാസത്തിലെ എല്ലാ ശനിയാഴ്ചയും വൈകിട്ട് 4:30 മുതൽ രാത്രി 8:30 വരെ ശനിയാഴ്ച ആരാധനയും ശുശ്രൂഷകളും നടത്തപ്പെടുന്നു.

## KAC. 10/24 കുട്ടികളുടെ ഏകദിന കൺവെൻഷൻ

മാസത്തിലെ രണ്ടാം ശനിയാഴ്ച കുട്ടികൾക്കുള്ള ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. കുട്ടികൾക്ക് കുമ്പസാരത്തിനും കൗൺസിലിങ്ങിനും ഉള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## KAC. 11/24 കൗൺസിലിങ്ങ്

മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും വെള്ളിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 3:30 വരെ കൗൺസിലിങ്ങിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

## KAC. 12/24 നോമ്പുകാല ധ്യാനം

2024 മാർച്ച് മാസം 14 മുതൽ 17 വരെ നോമ്പുകാല ധ്യാനം നടത്തപ്പെടുന്നു.

## FA. 02/24 ദ്വിദിന ശില്പശാല

Family life Promotion ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന കാന, ജോൺപോൾ രണ്ടാമൻ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കേരളത്തിലെ ഫാമിലി അപ്പസ്റ്റോലേറ്റിന്റെ നവീകരണത്തെക്കുറിച്ച് നടത്തിയ ദ്വിദിന ശില്പശാലയിൽ ഇടുക്കി രൂപതയിൽ നിന്നും ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ബോബി വെങ്ങാലൂർ, മോഡറേറ്റേഴ്സ് സി. നിത്യ, സി. സോഫിയ, പഴയിരിക്കണ്ടം ഇടവക വെട്ടുകല്ലേൽ ബിജു ജിജി ദമ്പതിമാരും പങ്കെടുക്കുകയുണ്ടായി.

രണ്ടു ദിവസങ്ങളിലായി നടത്തപ്പെട്ട ഈ മീറ്റിങ്ങിൽ വിവിധ രൂപതകളിലെ കുടുംബ പ്രേഷിതരംഗത്ത് പ്രവർത്തിക്കുന്ന വൈദികരും സിസ്റ്റേഴ്സും അല്മായ പ്രതിനിധികളും പങ്കുചേർന്നു. ആധുനികകാലത്ത് കുടുംബപ്രേഷിതരംഗത്തെ പ്രധാന വെല്ലുവിളികളും ആവശ്യമായ നവീകരണങ്ങളും, ഭാവിയിലെ കുടുംബ പ്രേഷിതരംഗവും വിവാഹ ഒരുക്ക കർമ്മപരിപാടികളും, കത്തോലിക്കാ കുടുംബ പ്രേഷിത മേഖലയ്ക്ക് ഒരു പഠന ഗ്രന്ഥത്തിന്റെ ആവശ്യകത എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്രിയാത്മകമായ ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു.

## വന്യജീവി അക്രമം; കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രായോഗികവും സത്വരവുമായ ഇടപെടലുകൾ നടത്തണം: കെ.സി.ബി.സി.

കൊച്ചി: വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ നിരന്തരം ഇറങ്ങുകയും മനുഷ്യജീവനും സ്വത്തിനും കടുത്ത ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്ന സംഭവങ്ങൾ അനുദിനം വർധിച്ചുവരുന്ന സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രായോഗികവും സത്വരവുമായ ഇടപെടലുകൾ നടത്തണമെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതി. വനം വകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ മാത്രം 55839 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിലുണ്ടായത്. അതേ രേഖകൾ പ്രകാരം ഇക്കാലയളവിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകൾ 910 ആണ്. വർഷങ്ങൾ പിന്നിടും തോറും വന്യജീവി ആക്രമണങ്ങളുടെ എണ്ണവും രൂക്ഷതയും വർധിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ് കേരളത്തിലേതെന്ന് കെസിബിസിയുടെ കുറിപ്പിൽ പറയുന്നു.

കഴിഞ്ഞ ഒരു വർഷമായി വയനാട്ടിലും പരിസര ജില്ലകളിലും സംഭവിക്കുന്ന വന്യജീവി ആക്രമണങ്ങളുടെ എണ്ണം കുത്തനെ ഉയർന്നിട്ടുണ്ട്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിൽ മാത്രം മൂന്നുപേരുടെ ജീവൻ വയനാട്ടിൽ നഷ്ടപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് വനത്തോട് ചേർന്നുകിടക്കുന്ന ജനവാസമേഖലകളിൽ ഉള്ളവർ മാത്രമല്ല, കിലോമീറ്ററുകൾ ദൂരെ ഇതുവരെയും വന്യമൃഗ ശല്യം ഇല്ലാതിരുന്ന ഭാഗങ്ങളിൽ ജീവിക്കുന്നവരും കടുത്ത ഭീതിയിലാണ്. കേവലം ഒരു വർഷത്തിനിടയിലാണ് അത്തരം പല പ്രദേശങ്ങളിലും കടുവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് എന്നുള്ളത് ശ്രദ്ധേയമാണെന്ന് കെസിബിസിയുടെ കുറിപ്പിൽ പറയുന്നു.

ഈ ഘട്ടത്തിൽ ജനങ്ങളുടെ ആശങ്കകളെയും പ്രാണഭയത്തെയും അടിച്ചമർത്തി എളുപ്പവഴിയിൽ പ്രശ്നപരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളിൽനിന്ന് വനം വന്യജീവി വകുപ്പും ഉദ്യോഗ

സ്ഥരും പിന്മാറണം. ജനവാസ മേഖലകളിൽ വിഹരിക്കുന്ന ഉപദ്രവ കാരികളായ വന്യമൃഗങ്ങളെ ഉടനടി പിടികൂടാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യജീവന് ഉയർന്ന പരിഗണന നൽകി അവയെ വെടിവച്ചു കൊല്ലാനുള്ള നയരൂപീകരണം ഉടനടി നടത്തണം. വനത്തിന്റെ സ്വാഭാവികമായ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന വിധത്തിൽ വർധി ച്ചുകൊണ്ടിരിക്കുന്ന ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃ ഗങ്ങളുടെ എണ്ണം ക്രമീകരിക്കാനുള്ള നടപടികൾ താമസംവിനാ നടപ്പാക്കണം.

വന്യജീവി ആക്രമണങ്ങൾ മൂലം ജീവനും സ്വത്തിനും നാശം സംഭവിക്കുകയും പരിക്കുകൾ ഏൽക്കുകയും വരുമാന നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഉചിതമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വരുത്തരുത്. വന്യജീവി ആക്രമണങ്ങളിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്ന എല്ലാ കുടുംബങ്ങളോടും മെത്രാൻസമിതി കേരളസഭ യുടെ അനുശോചനം അറിയിക്കുകയും അതിജീവനത്തിനായി പൊരുതുന്ന ജനതയോട് പരിപൂർണ്ണ ഐകദാർഢ്യം പ്രഖ്യാപിക്കു കയും ചെയ്തു.

## ആതുര ശുശ്രൂഷ സുവിശേഷത്തിന്റെ ജീവിക്കലാണ് മാർ ജോൺ നെല്ലിക്കുന്നേൽ

ഉദരത്തിലുള്ള കുഞ്ഞിനും ആരോഗ്യവാനായ വ്യക്തിക്കും ഏതു നിമിഷവും മരണം സംഭവിക്കാവുന്ന അവസ്ഥയിലുള്ള രോഗി ക്കും ദൈവിക ജീവൻ ഒരുപോലെയാണെന്ന് ഇടുക്കി രൂപതാധ്യ ക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ. പാറത്തോട് സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന ഗുഡ് സമരിറ്റൻ പെയിൻ ആന്റ് പാലിയേ റ്റീവ് ഇടുക്കി രൂപത രോഗീ ദിനാചരണത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയായിരുന്നു ബിഷപ്പ്. വീട്ടിലുള്ളവരെ പരസ്പരം ശ്രദ്ധി ക്കാൻ പോലും സമയമില്ലായെന്ന് പറയുന്നവരുടെ കാലമാണിത്. എല്ലാവരും മൊബൈൽ ഫോണിലെ കാഴ്ചകളിലെ കാഴ്ച്ചക്കാരായി മാറിയിരിക്കയാണ്. രോഗീശുശ്രൂഷയുടെ തലത്തെ വിശുദ്ധമായ പദവിയിൽ കാണാനും സമൂഹത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചതും ക്രിസ്തീയ സമുദായമാണ്. മനുഷ്യൻ നന്നായി ജീവിക്കുന്നതാണ് ദൈവത്തിന്റെ സുസ്തിരത. ദുർബലരെ സഹായിക്കലാണ് നമുക്ക് ചെയ്യാവുന്ന വലിയ പുണ്യ പ്രവർത്തി.

ലൂർദ്ദ്മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചാണ് ജോൺ പോൾ പാപ്പ രോഗീദിനം പ്രഖ്യാപിച്ചത്. ഇടുക്കി രൂപതയിൽ രോഗീ ദിനാചരണം രോഗികളെയും രോഗീ ശുശ്രൂഷകരെയും ആദരിക്കുന്ന താണ്. മനുഷ്യൻ ദുർബലനാകാൻ വളരെ ചെറിയ നിമിഷം മതി യാകും. ഇവിടെയാണ് പാലിയേറ്റീവ് പ്രവർത്തകരുടെ പ്രാധാന്യം വ്യക്തമാകുന്നത്. വിശ്വാസത്തിൽ കേൾക്കുന്ന കാര്യങ്ങൾ പരിശീലി ക്കുന്നത് ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ്. ക്രൈസ്തവ ജീവിതം പരിശീലിക്കാനുള്ളതാണ്. ഇടുക്കി രൂപതയിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനം വളരെ ഭംഗിയായും ചിട്ടയായും നടക്കു ന്നുണ്ട്. രോഗീ ശുശ്രൂഷകരെ പ്രത്യേകം പരിഗണിക്കണം. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരോട് വലിയ ആദരവ് പുലർത്തണം. മനുഷ്യന് ഏകനായിരിക്കാനാവില്ല. മറ്റുള്ളവരോട് കരുണയും സഹാ നുഭൂതിയും അലിവുമുള്ളവരായി മാറണമെന്നും മാർ ജോൺ നെല്ലിക്കുന്നേൽ ഓർമ്മിപ്പിച്ചു.

**Statement about ownership and other particulars**

**about the magazine**

**SAHYANADHAM (MALAYALAM)**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | - | Karimpan |
| 2. Periodicity of its publication | - | Monthly |
| 3. Printer's Name | - | Rev. Fr. James Punnaplackal |
| Nationality | - | Indian |
| Address | - | Bishop's House<br>Karimpan, Manipara P.O.<br>Idukki - 685 602 |
| 4. Publisher's Name etc | - | As in 3 |
| 5. Editor's Name etc | - | As in 3 |
| 6. Name and address of individuals who own the newspaper & Partners or shareholders holding more than one percent of the total capital | - | Diocese of Idukki |

*I, Fr. James Punnaplackal, hereby declare that the particulars given above are true to the best of my knowledge and belief.*

Sd/-

**Fr. James Punnaplackal**

01-03-2024 (Publisher)

എസ്.ഡി സെന്റ് വിൻസെന്റ് പ്രൊവിൻസ് കോതമംഗലം



പുതിയ പ്രൊവിൻഷ്യൽ അംഗങ്ങൾക്ക്
ഇടുക്കി രൂപതയുടെ പ്രാർത്ഥനാശംസകൾ

ഇടുക്കി രൂപതാ ബൈബിൾ കൺവെൻഷൻ




മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു

**Sahyanadham**
Annual Subscription Rs. 350.00
Date of Publication: 01/03/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498




പ്രാർത്ഥനാ നിയോഗം മാർച്ച് 2024



ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവൻ പണയപ്പെടുത്തിയും സുവിശേഷ പ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602